# ജീവിതം ഒരു സ്നേഹകഥയാണ്



[…]ാസ്റ്റർ പുല്ലാപ്പിള്ളി.

T62 / P9…

T62 / P97

# ജീവിതം ഒരു സ്നേഹകഥയാണ്.

By

സെബാസ്റ്റ്യൻ പല്ല്യംപ്പിള്ളി.

T 62
P. 97
13141

*(Malayalam)*

# Jeevitham Oru Snehakadhayanu.

*(Socio-Religious Drama)*

By

SEBASTIAN PULLOPPILLIL

(All rights reserved)

*1st Edition Copies 1000.*

*August 1959.*

Price 50 nP

13141

# ജീവിതത്തെപ്പററി രണ്ടുവാക്ക്.

സ്നേഹമാണ് മനുഷ്യൻെറ ജീവൻ. മനുഷ്യനിൽ കത്തുന്ന സ്നേഹം വററുമ്പോൾ ജീവിക്കുന്ന മനുഷ്യദീപം അണഞ്ഞുപോകും. സ്നേഹത്തിൻെറ ആഴം ത്യാഗത്തിൻെറ അത്യുച്ചിയിൽ സ്ഥിതിചെയ്യുന്നു. ഉൽകൃഷ്ടസ്നേഹം ഉദിക്കുമ്പോൾ അപകൃഷ്ടസ്നേഹങ്ങൾ ത്യജിക്കപ്പെടണം. എന്നാൽ ഉന്നതസ്നേഹത്തിൻെറ പ്രവത്തനങ്ങൾക്കു് വിഘാതമാകാത്ത ഉപസ്നേഹങ്ങൾ അനുവദനീയമാണ്; അല്ല, അതു മനുഷ്യസ്വഭാവത്തിനു് അനുഗുണവുമാണ്.

അന്നുവരെ ഒന്നിച്ചൊഴുകിയിരുന്ന രണ്ടു ജീവിതങ്ങൾ കമ്മ്യൂണിസ്റ്റ്പാറയിൽ തട്ടി അതിന്നിരുവശമായി പിരിഞ്ഞുപോയി. ഈ സ്നേഹപ്രവാഹങ്ങൾ മേൽപറഞ്ഞ ചുവപ്പൻപാറയെ അലൗകിക സ്നേഹമയം പുരട്ടിഉരുക്കി തങ്ങളിൽ ലയിപ്പിച്ചുകളയുമെന്നു കണ്ടപ്പോൾ, അവയുടെ ആഴത്തിൽ നിറച്ചുവച്ചിരുന്ന സ്നേഹത്തെ വിരോധി കുത്തിച്ചോത്തി ശൂന്യമാക്കാൻ ശ്രമിച്ചു. പക്ഷേ ആ സ്നേഹപ്രവാഹങ്ങൾ ചക്രവാളത്തെപ്പോലും മതിലംഘിച്ച് നിത്യമായ സ്നേഹസമുദ്രത്തിൽ എത്തിച്ചേന്നു. ഇതാണ് ഈ പുസ്തകത്തിലെ കഥ.

ഉപകാരികൾക്കു് എൻെറ ഹൃദയപൂവ്വമായ കൂപ്പുകൈ.

എന്നു്,
ഗ്രന്ഥകത്താവു്.

പെരുമ്പല്ലൂർ,
15—8—1959.

# സമർപ്പണം.

ലോകത്തെ ഉപേക്ഷിച്ച എന്റെ സ്നേഹ
സഹോദരിമാക്ക്

ഗ്രന്ഥകർത്താവ്.

# ജീവിതം ഒരു സ്നേഹകഥയാണ്

## (നാടകം)

### കഥാപാത്രങ്ങൾ.

---

1. ജോയി:- സുമുഖനും, ആദർശസമ്പന്നനുമായൊരു മെഡിക്കൽ ബിരുദധാരി. 25 വയസ്സ് പ്രായം. സ്നേഹ ബലിവേദിയിൽ ജീവൻപോലും അർപ്പിക്കുവാൻ മടി ക്കാത്ത ആത്മധീരൻ; സ്വസഹോദരിക്ക് ഉന്നതസ്നേഹ ത്തിൻെറ ഔൽകൃഷ്ട്യം ഓതിക്കൊടുത്ത് അതിൻെറ സാക്ഷാൽക്കാരത്തിനായി രക്തസാക്ഷിത്വം തന്നെയും കൈ വരിച്ച ത്യാഗിവര്യൻ.

2. മേരി.- ജോയിയുടെ സഹോദരി. ജോയിയെന്നാ ലവളുടെ ജീവൻെറ പര്യായമാണ്. സ്നേഹപാശം അററു പോയപ്പോൾ ഈ ലോകത്തിൽ അവളെ തടഞ്ഞുനി റുത്തിയിരുന്ന സ്വസഹോദരനിൽ നിന്നു പഠിച്ച ഉന്നത സ്നേഹത്തിലേയ്ക്കു് അവളുടെ ജീവൻ പറന്നെത്തുകയും അതിൽ അതു് ലയിക്കുകയും ചെയ്തു. വയസ്സ് 23

3. പാപ്പു:- വിശ്വസ്തഭൃത്യൻ: നിഷ്കപടനും ആത്മാ ർത്ഥതയുള്ളവനുമായൊരു സ്വാമിഭക്തൻ. വയസ്സ് 30

4. എടക്കാരൻ വർക്കി:- വിവാഹദല്ലാൾ; ജീവി ക്കാൻവേണ്ടി കുറെയെല്ലാം അനീതിയും ചതിവും ചെയ്യാ മെന്ന പ്രമാണക്കാരൻ; വലിയ ഭീരുവല്ലെങ്കിലും ധീരന ല്ലാത്ത സാധാരണക്കാരൻ. വയസ്സ് 55.

5: കോലൻ കുരുവിള:- പരമദുഷ്ടനും വിടനുമായൊരു മനുഷ്യമൃഗം. വയസ്സ് 25.

6. ഇടിരാമൻ:— വക്രബുദ്ധിയല്ലെന്നു പറഞ്ഞുകൂടാ; സ്വയം അക്രമിയല്ലെങ്കിലും അക്രമത്തിനു കൂട്ടുനിൽക്കും; സ്വവിശ്വാസമുള്ള വസ്തുതകൾക്കുവേണ്ടി ത്യാഗം അനുഭവിക്കാൻ സന്നദ്ധതയുള്ള മനുഷ്യൻ. വയസ്സ് 30.

7 & 8. രണ്ടു വഴിപോക്കർ; അപരിഷ്കൃതരായ ഗ്രാമീണർ. വയസ്സ് 40—45.

9. കുഞ്ഞേലി:— പാപ്പുവിന്റെ മണവാട്ടി. കാലിനല്പം മുടന്തുണ്ടെങ്കിലും സുമുഖി. വയസ്സ് 20.

N. B. ഈ നാടകം അഭിനയിക്കുന്നതിന് നാടകകൃത്തിന്റെ അനുവാദം അത്യാവശ്യമല്ലെങ്കിലും, അഭിനയിക്കുന്നവർ ദയവായി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നാടകകൃത്ത്.

## ജീവിതം

# ഒരു സ്നേഹ കഥയാണ്.

### രംഗം 1.

(പന്തലേൽ വീട്ട്. ജോയിയും മേരിയും സംസാരിക്കുന്നു. ജോയി ഇരിക്കുന്നു. മറെറാരു കസേരയിൽ മേരി ചാരിനിൽക്കുന്നു. സമയം 4 മണി)

ജോയി:— (മൗനത്തിനുശേഷം) മേരി, എന്താ ഒന്നും മിണ്ടാതെ നിൽക്കുന്നതു്?

മേരി:— മിണ്ടുന്ന കാലമെല്ലാം പോയില്ലേ? (നെട്ടുവീർപ്പോട്ടുകൂടി) ഇനി ആരോടെന്തു മിണ്ടാൻ? കാലം കഴിയുന്തോറും ആനന്ദം കുറഞ്ഞുവരികയാണു്, എന്തു ചെയ്യാം?

ജോയി:— സന്തോഷവും സൗഭാഗ്യവും സ്ഥിതി ചെയ്യുന്നതു് ഓരോരുത്തരുടേയും മനസ്സിലാണു് മേരീ.

മേരി:— എന്നാൽ എൻെറ സന്തോഷം സ്ഥിതിചെയ്യുന്നതു് എൻെറ മനസ്സിലല്ല........!

ജോയി:– (മനസ്സിലാകാത്തമട്ടിൽ) പിന്നാരുടെ മനസ്സിലാണ്? ഇതു നല്ല തമാശ തന്നെ!!

മേരി:– ജോയിച്ചാച്ചൻ മഹാസൂത്രക്കാരൻ തന്നെ. ഇപ്പോഴെങ്കിലും ഈ സൂത്രമൊന്നു കളയാൻ പാടില്ലേ? കഷ്ടം!! ജോയിച്ചാച്ചൻെറ സന്തോഷം ജോയിച്ചാച്ചൻെറ മനസ്സിലാണോ എപ്പോഴും ഇരിക്കുന്നത്? ഒന്നു നേരു പറഞ്ഞേ!

ജോയി:– (ചിന്താപൂർവ്വം) ശരിയാണു മേരീ; എൻെറയും സന്തോഷം കുറഞ്ഞുവരുന്നതുപോലെ തോന്നുന്നു!

മേരി:– ജോയിച്ചാച്ചനോർക്കുന്നുണ്ടോ, പണ്ടൊരു ദിവസം കലം പൊട്ടിച്ചെന്നു പറഞ്ഞ് എളേമ്മ എന്നെ തല്ലിയത്? അപ്പോൾ ഞാൻ കരഞ്ഞതും എൻെറ കരച്ചിൽ കേട്ട് ജോയിച്ചാച്ചൻ ഓടിവന്നതും.?

ജോയി:– (അല്പം ലജ്ജാഭാവത്തിൽ) എന്നിട്ട്........?

മേരി:– എൻെറ കരച്ചിൽകേട്ട് ജോയിച്ചാച്ചനും കരഞ്ഞതുംഞാൻ ജോയിച്ചാച്ചൻെറ കരച്ചിൽ മാററിയതുമെല്ലാം. കുട്ടികളായ നമ്മൾ അന്ന് എങ്ങനെ നടന്നതാ? അതെല്ലാം എന്നേക്കുമായി കഴിഞ്ഞുപോയില്ലേ? ഇനി ആമെന്തു ചെയ്യുമെന്നോർക്കുമ്പോൾ എനിക്കു സഹിക്കാൻ വയ്യാ. (കണ്ണുനീർതുടക്കുന്നു)

ജോയി:– (ദുഃഖം ഹൃദയത്തിൽ അടക്കിക്കൊണ്ട്) സാരമില്ല മേരി, നമ്മളിപ്പോൾ വേർപിരിയുന്നതു നമ്മുടെ ഭാവി നന്മയ്ക്കുവേണ്ടിയല്ലേ? നമ്മൾ പഠിച്ചുവന്നെങ്കിലല്ലേ നമുക്കു വിലയുള്ളൂ.

മേരി:– ഇത്രയും പഠിച്ചതു മതി. ജോയിച്ചാച്ചൻ പോകാൻ ഞാൻ അനുവദിക്കുകയില്ല.

ജോയി:– കൊച്ചുകുട്ടിയേപ്പോലെ നീ ഇങ്ങനെ ശാഠ്യം പിടിക്കരുത്; എനിക്കും വിഷമം ഇല്ലാഞ്ഞിട്ടാണോ? നമ്മുടെ ഭാവീ നന്മയ്ക്കുവേണ്ടി നാം അല്പം ത്യാഗം സഹിക്കണം മേരീ.

മേരി:- കാര്യമെല്ലാം പ്രസംഗിക്കാം. പക്ഷേ സഹി ക്കുന്നവക്കല്ലേ അതിൻെറ വിഷമം?

ജോയി:- അപ്പോൾ ഞാനും സഹിക്കുന്നില്ലേ? നീ എന്താണീ പറയുന്നതു്?

മേരി:- ജോയിച്ചാച്ചനു് കോളേജിൽ ചെല്ലുമ്പോൾ കൂട്ടുകാരെല്ലാം ഉണ്ടാകും........?

ജോയി:- പോടീ കള്ളീ, എനിക്കാ അക്കാര്യത്തിൽ പേടി.

മേരി:- എന്നാൽ, ജോയിച്ചാച്ചൻ എന്നെ ശരിക്കു മനസ്സിലാക്കിയിട്ടില്ല........!

ജോയി:- ഈ വിഷമങ്ങളെല്ലാം മാറിക്കൊള്ളും മേരീ; അല്ലാതെന്തുചെയ്യും........?

മേരി:- ജോയിച്ചാച്ചൻ കോളേജിൽ പോകണ്ടാന്നു വച്ചേക്കണം; പഠിച്ചതു മതി. മരുന്നിനു കുറിക്കാൻ മാത്രം പഠ ണമായില്ലേ?, നമുക്കതുമതി.

ജോയി:- അതു നടപ്പുള്ള കാര്യമാണോമേരീ? ഈ അവ സാനത്തെ വർഷം കൂടി പൂർത്തിയാക്കാതിരുന്നാൽ അപ്പ ച്ചൻ എന്തു പറയുമെന്നറിയാമോ? എളേമ്മയ്ക്കു് പണ്ടേ നമ്മേ ഒരു പുഛമാണു്.

മേരി:- എളേമ്മ എന്തെങ്കിലും വിചാരിക്കട്ടെ. അപ്പ ച്ചൻ നമ്മുടെ ഇഷ്ടത്തിനെതിരായിട്ടൊന്നും പറയുകയില്ല. നമ്മൾ കൊച്ചു കുട്ടികളല്ലല്ലോ!

ജോയി:- അതാണു് ഞാനും പറയുന്നതു്. അതുകൊ ണ്ടു് കാര്യത്തിൻെറ ഗൗരവവും നമുക്കു് നന്നായറിയാമല്ലോ. എളേമ്മയ്ക്കു് നമ്മെ പഠിപ്പിക്കാൻ ഇഷ്ടമില്ല. അപ്പച്ചൻെറ നിർബന്ധം കൊണ്ടു്, എളേമ്മ എതിർക്കുന്നില്ലെന്നു മാത്രം. അപ്പോൾ ഇടയ്ക്കുവച്ചുനിറുത്തിയാൽ എളേമ്മ എന്തു പറയും.?

മേരി:- അതൊന്നും സാരമില്ല ജോയിച്ചാച്ചാ........!

ജോയി:- അപ്പോൾ നീ കേട്ടില്ലേ നമ്മുടെ ബ. വികാരിയച്ചൻ പ്രസംഗിച്ചതു്; സ്നേഹം ത്യാഗത്തിലാണു് അടങ്ങിയിരിക്കുന്നതെന്നു്?

മേരി:- അതല്ലേ ഞാനിത്രനാളും ത്യാഗം സഹിച്ചതു്?

ജോയി:- ഒരു കാര്യം പകുതി ചെയ്തിട്ടു നിറുത്തുന്നതു് ഭീരുത്വമല്ലേ? ഇനി ഒരു വർഷംകൂടി ത്യാഗം സഹിച്ചാൽ മതിയല്ലോ. അതുകൊണ്ടു് നമുക്കു് ഒരുവർഷം കൂടി ക്ഷമിക്കാം. നീയും നിന്റെ പഠനം പൂർത്തിയാക്കണം.

മേരി:- ജോയിച്ചാച്ചൻ പോയാൽ പിന്നെ എനിക്കാരുണ്ടു് (കണ്ണുനീർ തുടയ്ക്കുന്നു.)

ജോയി:- (കണ്ണുനീർ തൂകിയിട്ടു്) ഞാനുടനെ വരികയില്ലേ? ഒരു അഞ്ചെട്ടുമാസം എത്രവേഗം കഴിഞ്ഞുപോകും നീയെന്താണിങ്ങനെ പറയുന്നതു്?

(അകത്തുനിന്നു ജോയിയെ എളേമ്മ വിളിക്കുന്നു; ജോയി "എന്തോ" എന്നു വിളി കേൾക്കുന്നു)

ജോയി:- എളേമ്മ വിളിച്ചതെന്തിനാണെന്നു് ഞാൻ അകത്തുപോയി അന്വേഷിച്ചിട്ടുവരാം (പോകുന്നു)

മേരി:- (ഇരുന്നിട്ടു് ആത്മഗതം) സ്നേഹം ചിലപ്പോൾ അസഹനീയമായിത്തീരാറുണ്ടല്ലോ; കഷ്ടം ഇതാരറിഞ്ഞു? ജോയിച്ചാച്ചനില്ലായിരുന്നെങ്കിൽ എളേമ്മയുടെ അടുക്കൽ ഞാനെന്തു ചെയ്യുമായിരുന്നു? പുറത്തു പറയാമോ? അതു പാടില്ല താനും. ജോയിച്ചാച്ചൻ പോയാൽ ഇനി ഞാൻ എന്തു ചെയ്യും! സ്നേഹമല്ലേ ഇതിനു കാരണം? ഏകസഹോദരനെ എങ്ങനെ സ്നേഹിക്കാതിരിക്കും........എല്ലാം സഹിക്കാം അല്ലാതെന്തു ചെയ്യും.

(കോലൻ കുരുവിള പ്രവേശിക്കുന്നു. പൊടിമീശയും ശൃംഗാര നോട്ടവും; കൈലി മുണ്ടും ഒയൽഷർട്ടും ധരിച്ചിരിക്കുന്നു. ചെമന്ന ഒരു ബാഡ്ജ് കുത്തിയിരിക്കുന്നു. മേരി

വെറുപ്പോടെ നോക്കുന്നു. കുരുവിള മേരിയുടെ അടുത്തുകിടക്കുന്ന കസേരയിൽ ചെന്നിരിക്കുന്നു. അവൾ എണീററു മാറി നിൽക്കുന്നു.)

കോലൻ:- (ഒരു വികൃതമായ ചിരിയോടെ) എന്താ മേരി, ഞാൻ വന്നതു് ഇഷ്ടപ്പെട്ടില്ലേ? എന്നാൽ ഞാൻ പോയേക്കാം;

മേരി:- (ഹാസ്യഭാവത്തിൽ) എന്താണു് നിങ്ങൾ ഈ അസമയത്തു് ഇങ്ങോട്ട വന്നതു്?

കോലൻ കുരുവിള:- പറയാം, ധൃതി വയ്ക്കാതെ; ഇവിടെ ആരെല്ലാമുണ്ടു്?

മേരി:- (സ്വല്പംകൂടി ഗൗരവത്തിൽ) ഇവിടെ എല്ലാവരുമുണ്ടു്; കാര്യം പറയൂ കളിപ്പിക്കാതെ........!

കോ. കു:- (ഒരു ശൃംഗാര ചിരിയോടെ) അറിയാൻ തിട്ടക്കമൊണോ? (കണ്ണുവെട്ടിച്ചു കടാക്ഷിച്ചുകൊണ്ടു്) ഞാനൊരെഴുത്തു കൊടുത്തയച്ചിരുന്നല്ലോ, അതു്........?

മേരി:- (ഉയന്ന സ്വരത്തിൽ) എടോ കുരുവിളേ, താൻ അല്പംകൂടി സൂക്ഷിച്ചുപെരുമാറണം. തന്റെ കോമാളിത്തരത്തിനു് ഒരതിരുവേണം കേട്ടോ.......?

കോ. കു:- കോപിക്കാതെ മിസ് മേരീ........ഭവതിയുടെ ആകുലചിന്തയെല്ലാം എനിക്കു മനസ്സിലായി. അതിനു ഞാനാണുത്തരവാദിയെങ്കിൽ നമുക്കുടനെ........

മേരി:- (കോപത്തോടെ) തനിക്കു് അനാവശ്യം പറയാനുള്ള സ്ഥലം ഇതല്ല; കേൾക്കാൻ ഞാൻ തയാറുമില്ല. ഇവിടെ നിന്നും വേഗം ഇറങ്ങിപ്പോകണം.

കോ. കു:- മിസ് മേരീ, ഞാൻ പലപ്രാവശ്യമായി ക്ഷമിക്കുന്നു. നിങ്ങളും സൂക്ഷിച്ചില്ലെങ്കിൽ ഇതിന്റെ തിക്തക ഫലം നീയും നിന്റെ ആങ്ങളയും അനുഭവിക്കും.

മേരി:– ഞങ്ങൾ അനുഭവിച്ചുകൊള്ളാം. (ഉച്ചത്തിൽ) ഇറങ്ങിപ്പോകാനാണ് പറഞ്ഞത്.

ജോയി:– (അകത്തുനിന്നു്) ആരാണത് മേരി........ (കോലൻ കുരുവിള പരിഭ്രമത്തോടെ എന്നാൽ ശൃംഗാരഭാവത്തിൽ മേരിയെ നോക്കിയിട്ടു് പോകുന്നു. ജോയി പ്രവേശിക്കുന്നു)

ജോയി:– ആരാണിവിടെ വന്നതു്? നീയെന്താണുറക്കെ പറഞ്ഞതു്?

മേരി:– (കെറുവിച്ച ഭാവത്തിൽ) ചാച്ചനെന്നോടൊന്നും ചോദിക്കേണ്ട. ഇത്രനേരവും താമസിച്ചതെന്തിനാ........?

ജോയി:– അതിനു നീകെറുവിച്ചാലെന്തു ചെയ്യും? അതാരായിരുന്നു ഇവിടെ വന്നതു്?

മേരി:– (ശാന്തമായി) ഇക്കഴിഞ്ഞ ആഴ്ചയിൽ ഞാനൊരെഴുത്തു ചാച്ചനെ കാണിച്ചുതന്നില്ലേ? അതിൻെറ കർത്താവു് കോലൻ കുരുവിള! വന്നിരിക്കുന്നു അവൻ സല്ലപിക്കാൻ....! ഞാനവനെ ചാടിച്ചുവിട്ടു.

ജോയി:– അതുവേണ്ടായിരുന്നു. ഈ പണി കൊള്ളുകയില്ലെന്നു് മര്യാദയ്ക്കുപറഞ്ഞുവിട്ടെങ്കിൽ മതിയായിരുന്നു. ഇനി അവൻ നമ്മെ ദ്രോഹിക്കാൻ ശ്രമിക്കും. അവൻ മഹാദുഷ്ടൻ കൂടിയാണു്; നേരത്തെതന്നെ അവനു് നമ്മോടു് വെറുപ്പാണു്.

മേരി:– അവൻ വെറുത്താൽ നമുക്കെന്താ.......? അതു പോകട്ടെ........?

ജോയി:– എന്തെങ്കിലും വരട്ടെ. കാപ്പികുടിക്കു സമയമായി നമുക്കു് അകത്തേയ്ക്കു പോകാം. (രണ്ടുപേരും പോകുന്നു)

(കർട്ടൻ)

## രംഗം 2.

(പന്തലേൽവീടിൻെറ വരാന്ത. ഭൃത്യൻ പാപ്പു അടിച്ചു വൃത്തിയാക്കുന്നു. കൈലിമുണ്ടും ബനിയനും വേഷം. ചെറുതായൊരു മൂളിപ്പാട്ട്)

പാപ്പു:– " കായലരികത്തു വലയെറിഞ്ഞപ്പം വളകിലു
ക്കിയസുന്ദരീ.......
പെണ്ണുകെട്ടിന കുറിയെടുക്കുമ്പോളൊരു നറുക്കിനു
ചേർക്കണേ".......

(നിവർന്നുനിന്നിട്ട് തലയിൽ രണ്ടു കൈയ്യും വച്ച് അസഹ്യഭാവത്തിൽ)

അല്ല; അവന്മാരു കാണിച്ചിട്ടിരിക്കുന്ന കണ്ടോ? അടിച്ചടിച്ചെൻെറ നട്ടവൊടിയാറായി.

(എടക്കാരൻ വക്കി പ്രവേശിക്കുന്നു. വയസ്സു 45; നരച്ചുതുടങ്ങി; കൈയ്യിലൊരു പഴയ കുട; ഒരു ചെറിയ പൊതി കക്ഷത്തിൽ. അല്പം കൂനുണ്ട്)

എടഃ വക്കി:– (പാപ്പുവിനെ കാണാത്ത മട്ടിൽ അല്പം ദൂരെനിന്നു്) എയ്—ഇവിടെ ആരുമില്ലേ—എടാ പാപ്പൂ—ജോയിക്കൊച്ചേ, ഇവിടെയാരുമില്ലേ........?

പാപ്പു:– ആരാടൊ ഈ കാലവിളി വിളിക്കുന്നേ? (കണ്ടിട്ട്) ആ, എടക്കാരൻ വക്കിച്ചേട്ടനാണോ. ഞാൻ കണ്ടില്ലായിരുന്നു.

വക്കി:– (ഇഷ്ടപ്പെടാത്ത മട്ടിൽ) അല്ലെങ്കിലും നിനക്കല്പംപവറു കൂടിപ്പോകുന്നുണ്ട്—ഞാൻ പറഞ്ഞാ തിട്ടമാ—

പാപ്പു;– (ഗൗരവത്തിൽ) ഹാ– അല്ല, അല്പം പവറു കൂടിയാ താനെന്തു ചെയ്യുംടോ; ഒന്നു ചുമ്മാതിരി മോനേ—

വക്കി:– ഞാൻ വെറുതേ പറഞ്ഞതല്ലേ പാപ്പം— അതിനു നീയിത്ര കോപിക്കാനുണ്ടോ?........ഞാൻ പറഞ്ഞാ തിട്ടമാ— ആട്ടെ ഒന്നു മുറുക്കാൻ തന്നേടാവേ ചെങ്ങാതീ—

പാപ്പു:- എന്നാലങ്ങനെ പറ— ആണുങ്ങളു പറയുന്ന മാതിരി— എൻെറ വക്കിച്ചേട്ടാ, അടിച്ചടിച്ചെൻെറ നട്ട വൊടിയാറായി (ഇരുവരും ഇരുന്നു മുറുക്കുന്നു) വക്കിച്ചേട്ടാ ഒരു സ്വകാര്യംപറയട്ടെ—തനിക്കു സാധിച്ചുതരാവോ? (മീട്ടി തുപ്പുന്നു,

വക്കി:- പിന്നേക്കേട്ടോ........? നീ പറഞ്ഞാ ഞാമ്പി ന്നെ സാധിക്കാതിരിക്കോ ടാ പാപ്പു—ഞാൻപറഞ്ഞാതീട്ടമാ

പാപ്പു:- നടക്കുമോ എന്നറിയാതെ ആരോടും പറയരു തുകേട്ടോ—എങ്കിലേ ഞാൻ പറയുവോള്ളു—അക്കാര്യം ജോ യിക്കൊച്ചും പറഞ്ഞു.—

വക്കി:- നിന്നെ ഞാൻ ചതികോ പാപ്പു— നീ ഒട്ടും സംശയിക്കേണ്ട;

പാപ്പു:- എന്നാൽപറയാം (അല്പംകൂടിഅടുത്തിരുന്നിട്ട്) എൻെറ വക്കിച്ചേട്ടാ, നമുക്കൊരു പെണ്ണുകെട്ടണമെന്നൊ രാശ, ഒരെണ്ണത്തിനെ ഒന്നൊപ്പിച്ചു തരാമോ ഏറെത്താമസി യാതെ....?

വക്കി:- അതിനെന്താ വിഷമം പാപ്പു— ഏതവളും ഞാൻ പറഞ്ഞാൽ........ഉടൻസമ്മതിക്കും—ഞാൻ പറഞ്ഞാൽ തീട്ടമാ—

പാപ്പു:- (സന്തോഷപൂർവ്വം) ഒരുകണക്കിനു പറഞ്ഞാൽ തന്നിക്കെന്തു സുഖം.......? ആണും പെണ്ണും ഉള്ളേടത്തോളം കാലം തന്നിക്ക് ഈരാറുപന്ത്രണ്ടാ—കുശാലേ കുശാലാ........!

വക്കി:- അതെല്ലാം നമ്മുടെ ഭാഗ്യം— ഞാൻ പറ ഞ്ഞാൽ തീട്ടമാ—(അല്പനേരം കഴിഞ്ഞിട്ട്) അപ്പഴേ ഇവി ടത്തെ ജോയിക്കൊച്ചിനെന്താ കല്യാണം കഴിക്കാൻ വല്ല നോട്ടവുമുണ്ടോ? ഞാനൊരു പെണ്ണിനെ കണ്ടുവച്ചിട്ടുണ്ടായി രുന്നു........! ഞാൻ പറഞ്ഞാൽ........

പാപ്പു;– അങ്ങേരുടെ കാര്യമൊന്നും ചോദിച്ചാ എനിക്കറിഞ്ഞുകൂടാ. ഈ പ്രായത്തിലുള്ള പിള്ളേരിങ്ങനെയാണോ? പണമാണെങ്കില് ധാരാളമുണ്ട്; എങ്കിലും ഒരു എന്ത്യാനിഃപ്പാ, അന്താളിപ്പോ ഒന്നുമില്ല അദ്ദേഹത്തിന്. മനുഷ്യരായ മനുഷ്യർക്കെല്ലാം അദ്ദേഹത്തെ വളരെ ഇഷ്ടമാ........ അല്ല, എന്നുവച്ച് കല്യാണം കഴിക്കാൻ പാടില്ലാന്നില്ല കേട്ടോ. ഉണ്ടെങ്കിലും ഒരു വർഷം കൂടി കഴിഞ്ഞേ നടക്കത്തൊള്ളു. കാരണം കുറച്ചുംകൂടിപഠിക്കണം ഡാക്കിട്ടരാവാൻ....

വക്കി:– ശരി; ഇപ്പോളെന്തെടുക്കണു; ഇവിടില്ലേ? ഒന്നു കാണണമായിരുന്നല്ലോ—

പാപ്പു:– അതിനിപ്പവന്നാൽക്കമോടോ വക്കീച്ചേട്ടാ.... ഇന്നലെ പോയില്ലേ പഠിക്കുന്ന കോളേസിലേക്ക്— യൂറോപ്പിലോ മററോ ആണ് പഠിക്കുന്നതു്— കരഞ്ഞുപിഴിഞ്ഞാ പോയിരിക്കുന്നതു്.

വക്കി:– (നിരാശനായ മട്ടിൽ) ഹയ്യാ പററിച്ചല്ലോ പാപ്പു ...! ആട്ടെ അതിയാൻെറ പെങ്ങള് മേരി, ഇവിടുണ്ടോ?

പാപ്പു:– ആ—അതിഷിട്ടുണ്ട്. അതിനിപ്പോഴും കരച്ചിലുതന്നെയാ ജോലി....

വക്കി:– അതിനെന്തിനാ കരേണേ? പഠിച്ചുവന്നാലുടനെ ഉദ്യോഗമായില്ലേ പാപ്പു?

പാപ്പു:– എന്നുവച്ചാ അമ്മയില്ലാതെ ഒന്നിച്ചു വളന്നതല്ലേ? തമ്മിൽ കാണാതിരിക്കാമോ?

വക്കി:– എന്നുവച്ച് എന്നും കരയാനൊണ്ടോ? ഇനി എന്നും കണ്ടോണ്ടിരിക്കാമല്ലോകൊപാ പാപ്പു?

പാപ്പു:– (ഇഷ്ടപ്പെടാത്ത മട്ടിൽ) എടോ വക്കീച്ചേട്ടാ ഒരു കാര്യം; തനിക്കൊന്നും കാര്യത്തിൻെറ പൊരുളറിയത്തില്ല. തനിക്ക് കല്യാണങ്ങളല്ലേ ജീവൻ....? ആങ്ങള

പെങ്ങന്മാർ തമ്മിൽ പിരിയാൻ ഇത്തിരി പ്രയാസമുണ്ടു് തനിക്കറിയാമോ? വിവരക്കേട്ട പറഞ്ഞോണ്ടു വന്നാലുണ്ടല്ലോ.... ആ ഞാൻ പറഞ്ഞേക്കാം.

വക്കി:— ആങ്ങളപെങ്ങന്മാരാണെന്നു വച്ചു് രണ്ടുപേരേയും കല്യാണം കഴിപ്പിക്കണ്ടെ? അങ്ങനെ എന്നും അങ്ങുമിങ്ങും നോക്കിയിരിക്കാനൊക്കുമോ— നീയൊരു ശുദ്ധഗതിക്കാരനാണല്ലോ.... ഞാൻ പറഞ്ഞാ തിട്ടമാ....

പാപ്പു:— (തോററങ്കിലും വിജയഭാവത്തിൽ) പോടോ പോടോ തനിക്കെന്തറിയാം.

വക്കി:— അതുപോട്ടെ; മേരിയുടെ അഭിപ്രായമെന്താ വിവാഹത്തെപ്പററി....?

പാപ്പു:— അതൊന്നും എനിക്കറിഞ്ഞു കൂടാ.... അവരിക്കിവിടെ വന്നാ ആങ്ങളയും പെങ്ങളും എപ്പോഴും വർത്താനംതന്നെ വർത്താനം; കണ്ണുമറഞ്ഞാൽ കരച്ചിലും പ്രാത്ഥനേം ഇങ്ങനെയൊരു സ്നേഹമുണ്ടോ?

വക്കി:— അതാ ഞാൻ പറഞ്ഞതു പാപ്പു...., കല്യാണ ഏർപ്പാടാ ഇപ്പറയുന്നതെല്ലാം— ഞാൻ പറഞ്ഞാ തിട്ടമാ—

പാപ്പു:— പോടൊ. വെറിയൻവക്കി, അത്തരം ചിന്തയൊന്നും അവക്കില്ല; ഒററ ദെവസം പോലും അവർ പള്ളീൽ പോകാതിരിക്കുല്ല; തനിക്കെന്തറിയാം?

വക്കി:— കല്യാണമെന്താ ചീത്തയാണോ?

പാപ്പു:— ചീത്തയല്ല; എന്നുവച്ചു് അവരവർ തന്നെയാണോ കല്യാണം അന്വേഷിക്കുന്നതു്? അതൊക്കെ വല്ല എമ്പോക്കികൾക്കും കൊള്ളാം. അവക്കു അത്തരം ചീത്തത്തമൊന്നുമില്ല: നല്ല തങ്കംപോലെ നിറം കാച്ചിയ സ്വഭാവമാണവക്കു രണ്ടുപേക്കും....! എന്നോടും മററും എന്തു സ്നേഹമാണെന്നറിയാമോ അവക്കു്.... ഒന്നും പറയേണ്ട....'

വക്കി:- അപ്പോൾ തന്നോട്ട സ്നേഹമുള്ളവരെല്ലാം നല്ല താ അല്ലേ? അതു പോട്ടെ.... അവക്ക രണ്ടുപേക്കും ഓരോ കല്യാണം ഞാൻ കണ്ടുവച്ചിട്ടുണ്ടു്... എന്താ—മേരിയെ ഇത്രടം ഒന്നു വിളിക്കാമോ.... ഞാൻ പറഞ്ഞാ തിട്ടമാ—

പാപ്പു:- എൻെറ വക്കിച്ചേട്ടാ, ഞാൻ പറഞ്ഞില്ലേ, എനിക്കാകാര്യമൊന്നും അറിഞ്ഞുകൂടാന്നു്. മേലാൽ അവരുടെ കല്യാണക്കാര്യമൊന്നും എന്നോട്ട മിണ്ടിപ്പോകരുതു്. ഞാൻ പറഞ്ഞേക്കാം: (ചിന്തിച്ചിട്ടു്) ആ അല്ലെങ്കിൽ ഞാനെന്തിനാ വക്കിച്ചേട്ടനോട്ടു് വഴക്കടിക്കുന്നേ? പിന്നൊരു കാര്യം പറയാല്ലോ—ഞാനാദ്യം പറഞ്ഞ സംഗതി ഒന്നു നോക്കാമോ?

വക്കി:- ശരി—എന്നാലാദ്യം അതുതന്നെ നടക്കട്ടെ (ആലോചനാഭാവത്തിൽ ആത്മഗതം) ഇവനെക്കൊണ്ടു് ആ നീരത്തേലെ ചട്ടുകാലി കുഞ്ഞേലിയെ കെട്ടിക്കണം (പ്രകാശം) ശരി, എന്നാൽ ഞാൻ ഒന്നു ചോദിക്കട്ടെ; നീരത്തേലെ കുഞ്ഞേലിയെ കെട്ടാൻ മനസ്സാണോ? മനസ്സാണേൽ പറഞ്ഞോണം; പിന്നെപ്പറഞ്ഞാൽ ഒക്കുല്ല. ഞാൻ പറഞ്ഞാൽ തിട്ടമാ.

പാപ്പു:- ഹാ- ഹാ- താൻ ആള മിടുക്കനാണല്ലോ പെണ്ണിനെ കാണുകപോലും ചെയ്യാതെ മനസ്സമ്മതം ചോദിക്കുന്നോ?

വക്കി:- അതു നീനക്കറിഞ്ഞുകൂടെ; നമ്മളിൽ ഒരാൾ കണ്ടാൽ പോരെ? ഞാൻ പറഞ്ഞാൽ തിട്ടമാ—

പാപ്പു:- (താണ സ്വരത്തിൽ) എൻെറ പൊന്നു വക്കിച്ചേട്ടാ, എനിക്കു പെണ്ണിനെ ഒന്നു കാണണം- അല്ലാതെ പറവുകയില്ല:

വക്കി:- ഞാൻ നിന്നെ ചതിക്കുമോ പാപ്പു?

പാപ്പു:- (ശാന്തസ്വരത്തിൽ-കുറച്ചുകൂടി അടുത്തിരുന്നിട്ട്) അതില്ല, പക്ഷെ ഇതു് മരണം വരെയുള്ള സങ്ങതിയല്ലേ വക്കിച്ചേട്ടാ?

വക്കി.- ശരി, എന്നാൽ കാണിച്ചുതരാം, പെണ്ണിനെ നീ കെട്ടുമോയെന്ന തീട്ടമായിട്ടറിയണം എനിക്ക്.

പാപ്പു:- എനിക്കിഷ്ടപ്പെട്ടാൽ കെട്ടിയതു തന്നെ തീച്ച്; അതിനിപ്പോൾ എനിക്ക് പത്തോ, നൂറോ, അഞ്ചു മാറട്ടെ; എന്നാലും കെട്ടും. (പുഞ്ചിരിയോടെ) എന്നാ നമുക്ക പെണ്ണു കാണാൻ പോകണ്ടതു്?

വക്കി:- എന്നാൽ നമുക്ക് നാളെത്തന്നെ പെണ്ണു കാണാൻ പൊയ്ക്കളയാം. നാളെ ഏകദേശം 10 മണിയാകുമ്പോഴേയ്ക്കും കച്ചേരിത്താഴത്തു വന്നേക്കണം. അവിടെനിന്നും നമുക്ക് ഒരുമിച്ചുപോകാം;

പാപ്പു:- ശരി; സമ്മതിച്ചു. ഇവിടെ വീട്ടിൽ ചോദിച്ചിട്ടുവേണം എനിക്ക വരാൻ. എന്നാലിപ്പോൾ ഞാൻ അകത്തോട്ട പോകട്ടെ (പോകുന്നു)

വക്കി:- (ആത്മഗതം) ഇവനെ ഞാൻ കണക്കിനു പററിച്ചില്ലെങ്കിൽ ഞാനിനി ആണായിട്ടിതിലെ നടക്കുന്നില്ല. ഞാൻ പറഞ്ഞാൽ തീട്ടമാ— പന്തലേക്കാരുടെ വേലക്കാരനാണെന്നുവച്ച് ഞാനെന്തു വേണം? ഹല്ല, അവൻെറ മൂച്ചു കണ്ടില്ലേ! ഉം അവൻ നോക്കിക്കോട്ടെ. (ആലോചനാപൂവ്വം പോകുന്നു.)

കർട്ടൻ

## രംഗം 3.

(ജോയിയും മേരിയും ഇരുന്നുസംസാരിക്കുന്നു. സമയം വൈകുന്നേരം 4 മണി)

മേരി:- (അല്പനേരം മൌനമായിരുന്ന ശേഷം) ഇക്കുഴി

ഞ്ഞ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകാർ ഭൂരിപക്ഷം കരസ്ഥമാക്കിയതു് അത്ഭുതകരമായിരിക്കുന്നല്ലോ ജോയിച്ചാച്ചാ!

ജോയി:- അതാണുമേരി ഞാനും വിചാരിക്കുന്നതു്. ഇനി ഇവിടെ എന്താണാവോ നടക്കാൻ പോകുന്നതു്? ആക്കറിയാം;!!

മേരി:- വാസ്തവത്തിൽ കത്തോലിക്കരായനമുക്കു് ചൈതന്യവും വിവേകവുമില്ലാത്തതുകൊണ്ടാണു് ഇങ്ങനെ സംഭവിച്ചതു് എന്നു് എനിക്കു തോന്നുന്നു.

ജോയി:- (നിശ്ചയ സ്വരത്തിൽ) എന്തു ചെയ്യാം? വന്നുപോയില്ലേ? ഇനി അനന്തരനടപടികൾ ആലോചിക്കുക തന്നെ.

മേരി:- (അലക്ഷ്യമായി) നമ്മളിനി എന്തു ആലോചിക്കാനാണു്? നമ്മള് കോൺഗ്രസ്സിനാണല്ലോ വോട്ടു ചെയ്തതു്? പിന്നെന്താ?

ജോയി:- "ഒരുത്തൻപാപകർമ്മം ചെയ്തീടിലതിൻഫലം
പരക്കെയുള്ളമഹാജനങ്ങൾക്കൊക്കെത്തട്ടും"

എന്നുണ്ടല്ലോ. മററുള്ളവരുടെ പാപത്തിനു നാം പരിഹാരം ചെയ്യണം. അതാണു് നമ്മുടെ കർത്തവ്യം.

മേരി:- അപ്പോൾ ജോയിച്ചാച്ചൻ മററുള്ളവരുടെ പാപപരിഹാരാർത്ഥം സന്യസിക്കാൻ പോകയാണോ?

ജോയി:- (ചിന്താപൂർവ്വം) സന്യസിക്കേണ്ടി വന്നാൽ സന്യസിക്കണം. അതു് ഉത്തമനായ ഒരു കത്തോലിക്കന്റെ കടമയാണു്. ഈ ലോകസുഖത്തിനു വേണ്ടി യാതൊരു കത്തോലിക്കനും തൻെറകർത്തവ്യത്തെ വിസ്മരിക്കാൻപാടില്ല ... (നെടുവീർപ്പോടുകൂടി) ഈ ജീവിതമെല്ലാം വെറും നശ്വരമല്ലേ മേരി?

മേരി:- ഇതൊക്കെയാണു് കൊവേന്തക്കാരുടെ കോളേജിൽ പഠിച്ചാലുള്ള കുഴപ്പങ്ങള്!

ജോയി:- ഇതു കഴപ്പമാണോ! (സ്നേഹപൂർവ്വം മേരിയെ നോക്കിക്കൊണ്ടു്) നിന്റെ പ്രിയപ്പെട്ട ജോയിച്ചാച്ചൻ ഒരിക്കലും കഴപ്പങ്ങളൊന്നുമുണ്ടാക്കുകയില്ല. ഇതെല്ലാം ഒരു ഉത്തമനായ കത്തോലിക്കന്റെ കർത്തവ്യങ്ങളാണെന്നു് ഞാൻ പറഞ്ഞല്ലോ. അവ ഒരു കോളേജിലും പഠിച്ചില്ലെങ്കിലും അപ്പനുണ്ടായിരിക്കണം. അതവൻ മനസ്സിലാക്കിയിരിക്കണം (പുഞ്ചിരിയോടെ) മാങ്കാരുടെ കോളേജിൽ പഠിച്ചിട്ടും അതില്ലാത്തവരെപ്പറ്റി എന്തു പറയട്ടെ....!

മേരി:- അത്രക്കൊന്നും ജോയിച്ചാച്ചനിപ്പോൾ പറയണ്ട.

ജോയി:- പിന്നാരാണു് പറയേണ്ടതു്? അതുപോകട്ടെ കമ്മ്യൂണിസ്റ്റു്ഭരണം വന്നാൽപിന്നെങ്ങനെ നാം സ്വതന്ത്രരായി ജീവിക്കും.

(വാതിലിൽ മുട്ടുകേൾക്കുന്നു)

മേരി!- ആരായിരിക്കും ആ മുട്ടുന്നതു്?

ജോയി:- ആരെങ്കിലുമാകട്ടെ. വരാൻ പറയാം നമുക്കു്. (സ്വല്പം സ്വരം ഉയർത്തി) "Come in please" (കോലൻ കുരുവിള പ്രവേശിക്കുന്നു, ഒരു ശൃംഗാര ചിരിയോടെ മേരിയെ കടാക്ഷിച്ചിട്ടു്)

കുരുവിള:- എന്താ ആങ്ങളയും പെങ്ങളും കൂടിയിരുന്നു ഇത്ര ഗൗരവമായിട്ടു് ആലോചിക്കുന്നതു്? (തെരുതെരെ മേരിയെ സർവ്വാംഗം നോക്കുന്നു)

ജോയി:- ഇരിക്കണം മി. കുരുവിള........! (ഇരിക്കുന്നു) ഞങ്ങൾ നാട്ടുവർത്തമാനം പറയുകയായിരുന്നു (മേരിയോടു്) മേരി പോയി പാപ്പുവിനോടു് രണ്ടുകപ്പു് കാപ്പി കൊണ്ടുവരാൻ പറയും. (മേരി പോകുന്നു)

കുരുവിള:- (മേരി പോയ വഴിയേ നോക്കി നിരാശനായി) ഹൊ, കാപ്പിയൊന്നും വേണ്ടായിരുന്നു. എനിക്കു പോകാൻ അല്പം തിടുക്കമുണ്ടു്.

ജോയി:— അല്പം കാപ്പി കുടിച്ചിട്ട് പോകാമല്ലോ. എന്താ പിന്നെ ഇങ്ങോട്ടെല്ലാമിറങ്ങിയതു് പതിവില്ലാത്ത പോലെ.......?

കുരുവിള:— വിശേഷിച്ചു കാര്യമൊന്നുമില്ല.... എന്നാൽ കാര്യമൊന്നുമില്ലെന്നു് പറഞ്ഞു കൂടാ താനും.... കാര്യമൊന്നുമില്ലാതെ വരുന്നതു് മിസ് മേരിക്കിഷ്ടമല്ല....

ജോയി:— കാര്യമെന്താണെന്നു പറയാമല്ലോ.

കുരുവിള:— ഓഹോ— വിശേഷിച്ചൊന്നുമല്ല; നിങ്ങളെ രണ്ടുപേരെയും സന്ദർശിക്കാം. പിന്നെ നിങ്ങളുടെ പരീക്ഷയുടെ റിസൾററും മററും അറിയാമല്ലോ— പിന്നെ രാഷ്ട്രീയത്തിൻെറ ഗതിവിഗതികളെപ്പററി സംസാരിക്കാം— അങ്ങനെ ഇങ്ങനെ....!

ജോയി:— ഞങ്ങളുടെ റിസൾററിനെപ്പററി അധികമൊന്നും പറയാനില്ല. മേരിയും ഞാനും പാസ്സായി; മേരിക്കു് B. Sc: ക്കു് ഫസ്റ്റ്ക്ലാസ്സുണ്ടു്.

കുരുവിള:— ഓഹോ— രണ്ടു പേർക്കും എൻെറ ഹാർദ്ദവമായ അനുമോദനങ്ങൾ— മിസ് മേരിയെ കണ്ടില്ലല്ലോ. എൻെറ അനുമോദനങ്ങൾ.......

ജോയി:— അനുമോദനങ്ങൾക്കു് നന്ദി പറയുന്നു. മേരി അകത്തു് എന്തോ ജോലിയായിരിക്കുമെന്നു തോന്നുന്നു.

കുരുവിള:— ഉദ്യോഗത്തിനെല്ലാം ആപ്ലിക്കേഷൻസ് അയച്ചിട്ടുണ്ടായിരിക്കുമല്ലോ. M. B: B. S. പാസ്സായാൽ എന്താണു് ഉദ്യോഗത്തിനു വിഷമം? മിസ് മേരിക്കു ക്ലാസ്സുമുണ്ടു്. അതും ഭദ്രമായി. മിസ് മേരിക്കു് ഉദ്യോഗം ഞാൻ ഗാറൻറി ചെയ്യുന്നു.

ജോയി:— വളരെ ഉപകാരം. പക്ഷേ ഞങ്ങൾ ഗവ: ഉദ്യോഗത്തിനു് പോകണമെന്നു് വിചാരിക്കുന്നില്ല, തൽക്കാലം.

കുരുവിള:– (അത്ഭുതത്തോടെ) ഉം അതെന്താണ്? നല്ല കൊഴുത്ത ശമ്പളം കിട്ടുമല്ലോ....!

ജോയി:– പക്ഷേ ഇപ്പോൾ ഭരാൻപോകുന്ന ഗവർമ്മെൻറു്– തിരഞ്ഞെടുപ്പിൽ പോലും കടുത്ത അനീതിയും വഞ്ചനയും കാണിച്ച് അധികാരത്തിലേറുവാൻ പോകുന്നസക്കാർ അതിൻെറ കീഴിൽ ഉദ്യോഗം നോക്കുന്നതു തന്നെ അവരുടെ വഞ്ചനയ്ക്കു കൂട്ടുനിൽക്കാനുള്ള സാഹചര്യത്തിൽ ചെന്നു ചാടുകയായിരിക്കും ചെയ്യുന്നതെന്നു ഞങ്ങൾ സംശയിക്കുന്നു.

കുരുവിള:– അതു നിങ്ങളുടെ ഇഷ്ടം; പക്ഷേ വഞ്ചന അതു സംഘടനയ്ക്കു് അല്ലെങ്കിൽ അവനവൻെറ ലക്ഷ്യപ്രാപ്തിക്കു് ഉപകരിക്കുമെങ്കിൽ കുറെയെല്ലാം പ്രവത്തിക്കുന്നതിൽ തെററില്ലെന്നാണ് എൻെറ വിചാരം.

ജോയി:– എന്തിനാണെങ്കിലും വഞ്ചന എന്നും വഞ്ചന തന്നെയാണല്ലോ.

കുരുവിള:– പൊതുഗുണമാണ് ലാക്കെങ്കിൽ ഏതു വഞ്ചനയും ചെയ്യാമെന്നാണ് എൻെറ വിശ്വാസം;

ജോയി:– ഏതു ഗുണത്തിനായാലും വഞ്ചന പാടില്ല. കാരണം വഞ്ചന ആത്മഹത്യാപരമാണ്; സവ്വോപരി ദൈവപ്രമാണത്തിനു് വിരുദ്ധവുമാണ്.

കുരുവിള:– പിന്നെ ഈ പരിഷ്കൃത ലോകത്തിലല്ലേ ദൈവപ്രമാണങ്ങൾ? അതൊക്കെ പോയി, ഹേ!

ജോയി:– (അല്പം ആവേശപൂവ്വം) അതൊരിക്കലും പോകയില്ല. മനുഷ്യൻെറ മനസാക്ഷിയിൽ അലിഞ്ഞു ചേന്നിരിക്കുന്ന നിത്യസത്യങ്ങളാണ് അവയെല്ലാം.... അവയൊന്നും അങ്ങനെ പോകയില്ല; പോകാനുള്ളതല്ലതാനും.

കുരു:– മനസ്സാക്ഷി എന്നു പറഞ്ഞാൽ........? അതെല്ലാം മനുഷ്യൻെറ സ്വാതന്ത്രമായ പ്രവത്തനങ്ങളെ നിയന്ത്രിക്കാൻ കെട്ടിച്ചമച്ചുണ്ടാക്കിയ കടംകഥകളാണ്, മി. ജോയി.

ജോയി:- കടംകഥകളോ....? കൊള്ളാം ഒരു പ്രവൃത്തി ചെയ്യാൻ തുടങ്ങുമ്പോൾ അതു തെറേറാ ശരിയോ എന്നു് ഒരജ്ഞാതസ്വരം നമ്മെ ശാസിക്കും. അതാണു് മനസ്സാക്ഷി. അതു ദൈവസ്വരമാണു്. അതു നാം ശ്രവിച്ചേ മതിയാവൂ.

കുരു:- (ഹാസ്യഭാവത്തിൽ) അഭ്യസ്തവിദ്യനായ ജോയിയും ഈ മുത്തശ്ശിക്കഥയിൽ വിശ്വസിക്കുന്നുണ്ടോ....?

ജോയി:- ഇവയൊന്നും മുത്തശ്ശിക്കഥയല്ല. ഇവയെല്ലാം യുക്തിക്കും, ബുദ്ധിക്കും യോജിക്കുന്ന യാഥാർത്ഥ്യങ്ങളാണു സ്നേഹിതാ—

കുരു.- അതു പോകട്ടെ, എന്തായാലും കമ്മ്യൂണിസ്റ്റുകർ ജയിച്ചതു നന്നായി.

ജോയി:- എന്താണു് അങ്ങനെ മി. കുരുവിള പറയുന്നതു്

കുരു:- മററു പാർട്ടിക്കാർ ഇന്നു വരെ ഭരിച്ചിട്ടു് എന്തു ചെയ്തു രാജ്യരക്ഷയ്ക്കു്?

ജോയി:- കമ്മ്യൂണിസ്റ്റുകാർ ഇപ്പോൾ ഉടനെ നാട്ടു സ്വർഗ്ഗമാക്കും അല്ലേ? ഒന്നു ചുമ്മാതിരി എൻെറ കുരുവിളേ....!

കുരു:- തീർച്ചയായും അവർ നാടിനു നന്മചെയ്യും; പാവങ്ങൾക്കു ഗുണം വരുത്തും (അകത്തേയ്ക്കു് ആർത്തിയോടെ നോക്കുന്നു)

ജോയി:- (ഹാസ്യസ്വരത്തിൽ) ശരിയാണു്, ഹംഗറിയിലും മററും അവർ നന്മ ചെയ്തല്ലേ? ചെന്നായ് എന്നും ചെന്നായ് തന്നെ! അവർ നാടിനെ റഷ്യക്കു തീറെഴുതും— അല്ലെങ്കിൽ നമുക്കു കാണാം.

കുരു:- റഷ്യയെന്താ മോശമാണോ?....

ജോയി:- അവിടെ പാവങ്ങൾ മനുഷ്യരായല്ല ജീവിക്കുന്നതു്! മൃഗീയജീവിതമാണു്. ശരീരവും ആത്മാവും, യുക്തിയും ബുദ്ധിയുമുള്ള മനുഷ്യനായി ജീവിക്കുക അവിടെ സാധ്യമല്ല.

കുരു:– റഷ്യയിലാകെ മൃഗങ്ങളാണ്, മനുഷ്യരില്ലവിടെ അല്ലേ–? അത്രയ്ക്കു ഭയണ്ടടോ! നീയൊരു ഉറിയേപ്പുണ്യാളച്ചൻ....

(പാപ്പ കാപ്പി കൊണ്ടുവരുന്നു)

ജോയി:– (അലക്ഷ്യഭാവത്തിൽ) അതെല്ലാം പോകട്ടെ. കാപ്പി കുടിക്കൂ.

കുരു:– (ഗൗരവം വിടാതെ) കാപ്പി വേണ്ടെന്നു ഞാൻ പറഞ്ഞില്ലേ? (ഘനഭാവത്തിൽ) നിങ്ങൾ അല്പം മര്യാദയോടെ സംസാരിക്കാൻ പഠിക്കണം. സംസാരത്തിൽ പ്രതിപക്ഷത്തിന്റെ അഭിപ്രായത്തോട് യോജിച്ച് അവരെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്.

ജോയി:– (ഹാസ്യസ്വരത്തിൽ) മര്യാദ പഠിപ്പിക്കാൻ പററിയ ആള്. ഞാനൊന്നും മറച്ചുവയ്ക്കുന്നില്ല; അനുവാദം കൂടാതെ സ്ത്രീകളും മററും ഇരിക്കുന്നിടത്തു കയറിച്ചെല്ലുക, നിസ്സങ്കോചം പ്രേമാർച്ചന നടത്തുക, മുതലായവ മര്യാദയോ, കുശലപ്രശ്നമോ, എന്താണു മിസ്റ്റർ....?

കുരു:– (ഒരല്പം വിളറിയെങ്കിലും ഗൗരവവും കോപവും നടിച്ച്) ജോയി, നീ മാനമുള്ളവരെ അപമാനിക്കരുത്.... കേട്ടോ—

ജോയി:– നിങ്ങളുടെ മാനത്തെപ്പററി ഞാൻ ഇത്രനാളും മൗനമവലംബിക്കുകയായിരുന്നു. എന്നാൽ കാര്യം ഇത്രയുമായ സ്ഥിതിക്ക് അതു കൂടെ അങ്ങുപറഞ്ഞേക്കാം....! നിങ്ങളല്ലേ മേരിക്ക് ഒരു പ്രേമലേഖനം കൊടുത്തത്?

കുരു:– (ഇളിഭ്യനായെങ്കിലും കോപം ഭാവിച്ച്) എനിക്കറിയാമെടോ നിങ്ങളെയെല്ലാം— നിന്നെയും നിന്റെ പെങ്ങളെയും എല്ലാം ഞാനറിയും. നിനക്കിതത്ര നല്ലതിനല്ല കത്തിയിരുന്നോ....! (എണീക്കുന്നു)

ജോയി:– എന്തിനാണു സ്നേഹിതാ കോപിക്കുന്നത്— കാര്യമല്ലേ പറഞ്ഞത്.?

കരു:— അമ്പെടാ നീയൊരു കററം തെളിയിക്കാൻ വന്നിരിക്കുന്നതു്....? നീയൊക്കെയോക്കിക്കോടാ....! (പോകാൻ ഭാവിക്കുന്നു)

ജോയി:— പോകാൻ വരട്ടെ കാപ്പി കുടിക്കൂ....!

കരു:— പോടാ പോടാ, നിൻെറ കുപ്പി, മേരിക്കു് കൊണ്ടുപോയി കൊടുക്കു്! (കോപത്തോടെ അല്പം ഉച്ചത്തിൽ) നിങ്ങൾ ഇതിൻെറ ഫലം അനുഭവിക്കും. ഞാനും ഒളിച്ചു കഴിക്കുന്നില്ല. ഞങ്ങളാണിനി ഭരിക്കാൻ പോകുന്നതു്. നീയോക്കിക്കോ (പല്ലു കടിച്ചുകൊണ്ടു പോകുന്നു)

കർട്ടൻ.

## രംഗം 4;

(വഴി; ഇടക്കാരൻ വക്കിയും പാപ്പുവും പ്രവേശിക്കുന്നു യാത്രാവേഷത്തിൽ. സമയം പകൽ 2 മണി)

പാപ്പു:— ഇനി എന്തോരുംവഴിയുണ്ടെടോ വക്കിച്ചേട്ടാ? നടന്നു നടന്നു നടുവൊടിയാറായല്ലോടോ.

വക്കി:— പിന്നെ ചുമ്മാതെ പെണ്ണുകെട്ടായൊക്കുമോടാ പാപ്പു? അവരു വെള്ളം കോരാൻ വരുന്ന കിണററിൻെറടുത്തേക്കിനി ഏകദേശം രണ്ടു ഫർലോങ്ങു മിനുസം വരും ഞാൻ പറഞ്ഞാ തിട്ടമാ—

പാപ്പു:— (അത്ഭുതപൂർവ്വം) വെള്ളം കോരണ വഴിക്കോ? അവിടെ നിന്നാണോ പെണ്ണുകാണുന്നതു്?

വക്കി:— പിന്നല്ലാതെ, വീട്ടിൽ പോകാനും മററും നേരമുണ്ടോ? ഇന്നുതന്നെ തിരിച്ചു പോകണ്ടേ?

പാപ്പു:— വഴിക്കു പെണ്ണുകാണാൻ നിന്നാ വല്ലവരും നമ്മളെ കുവിവിട്ടും; ഞാമ്പറഞ്ഞേക്കാം. തന്നിക്കൊരുപക്ഷേ അതു പരിചയമായിരിക്കും! എനിക്കത്തരം പോക്കണംകേടൊന്നും വശമില്ല കേട്ടോ, ഞാമ്പറഞ്ഞേക്കാം;

വക്കി:– നമ്മളെ ക്രൂവാനിവിടെ ഇന്നാരും വിളന്നിട്ടില്ല, തന്നെയുമല്ല; ഇപ്പോൾ പെണ്ണുങ്ങളും മററും നടക്കുന്ന വഴിക്കു നോക്കിയിരിക്കുന്ന ആണുങ്ങളേ ഉള്ളൂ; അതിപ്പോൾ സാധാരണക്കാരുടെ പതിവല്ലേ, പിന്നെന്താ?

പാപ്പു:– അതുവല്ല ലോ മാരേജിനോമറോ ആയിരിക്കും അതൊന്നും നമുക്കു പററീയതല്ല കേട്ടോ, ഞൊമ്പറഞ്ഞേക്കാം എനിക്കു കാശും പണോം അല്പം കുറവാണെങ്കിലും ഞാൻ നല്ല കുട്ടംബത്തിൽ പെറന്നതാ—

വക്കി:– ഒന്നും സാരമില്ല പാപ്പൂ, എല്ലാം ഞാനേററു ഞാൻ പറഞ്ഞാൽ തിട്ടമാന്നേ.

പാപ്പു:– എനിക്കോടാന്നും മററും പററൂല്ല; നേരത്തെ ഞൊമ്പറഞ്ഞേക്കാം.

വക്കി:– നീ ഓട്ടകേം ചാട്ടകേം മററും വേണ്ട. എന്റെ കൂടെ ഞാൻ പറേന്നേടത്തു നിന്നോണം.

പാപ്പു:– അതൊക്കെ ശരി.

വക്കി:– സ്വല്പം വേഗം അടക്കണം (ഒരു സ്ഥലം നോക്കി) ദാ ഇവിടെ നിന്നോണം. ആ ദൂരെക്കാണുന്ന വഴിക്കോടെ അവൾ പോകും. അപ്പോൾ കണ്ടോണം; ഞാൻ കൈ കൊട്ടുമ്പോൾ അവൾ തിരിഞ്ഞു നോക്കും. അപ്പോൾ മുഖം കാണാം. പിന്നെ കണ്ടില്ലാന്നും മററും പറയരുതു്. (അവർ സ്റ്റേജിൻെറ ഒരു വശത്തു പോയി നിൽക്കുന്നു.— കുറച്ചുനേരം കഴിഞ്ഞപ്പോൾ നിലത്തു് ഇരിക്കുന്നു. അല്പം കൂടി കഴിഞ്ഞപ്പോൾ മറുവശത്തു കൂടി കുടം എളിക്കു താങ്ങിക്കൊണ്ടൊരു മുടന്തുകാലിപ്പെണ്ണു് പോകുന്നു. വക്കി പാപ്പുവിൻെറ തലയ്ക്കു ഞോണ്ടുന്നു. പാപ്പു തിരിഞ്ഞു പിറകിലിരിക്കുന്ന വക്കിയുടെ നേരെ നോക്കുന്നു.)

വക്കി:– (ദേഷ്യത്തിൽ) ഇവനെവിടെ കിടന്നവനാടാ പെണ്ണിനെ കാണണമെങ്കിൽ അങ്ങോട്ടു നോക്കെടാ (പാപ്പു

നോക്കുന്നു. അപ്പോൾ വക്കി കൈകൊട്ടുന്നു. മുടന്തിപ്പെണ്ണു തിരിഞ്ഞു നോക്കുന്നു. പാപ്പുവിനേയും വക്കിയേയും കണ്ടു സ്ത്രീ, കുടം ഇട്ടിട്ട് വിരണ്ടോടുന്നു. സ്ത്രീയുടെ കരച്ചിൽ കേട്ട് രണ്ടുപേർ പ്രവേശിക്കുന്നു.)

അപരിചിതരിൽ ഒന്നാമൻ:- ആരെടാ ആ പെണ്ണിനെ ഓടിച്ചതു്? (വക്കിയും പാപ്പുവും ഓടാൻ തുടങ്ങുന്നു,)

(അപരിചിതർ അവരെ പിടിച്ചു നിറുത്തിയിട്ട് കൈകൊണ്ടു് കുത്താൻ ഓങ്ങിയിട്ട്)

രണ്ടാമൻ:- എടാ തെണ്ടികളെ, നിങ്ങൾ പെണ്ണുങ്ങളെ ഓടിക്കണോടാ വരത്തകളെ....?! (കൈ ഓങ്ങുന്നു)

വക്കി:- (വിറച്ചുകൊണ്ട്) ഞങ്ങളൊരു കല്യാണം അന്നേഷിച്ചു വന്നതാണേ—

ഒന്നാമൻ:- കല്യാണം നടത്തണതു് പെണ്ണിനെ ഓടിച്ചുപിടിച്ചാണോടാ? നിങ്ങളാരാടാ— കൈമേടിക്കും— സത്യം പറയെടാ.

രണ്ടാമൻ:- അല്ലെങ്കിൽ ഇപ്പോ നീ മേടിക്കും. പറയടാ (പാപ്പുവിൻെറ നേരെ കൈചുരുട്ടുന്നു.)

വക്കി:- സത്യംപറയാമേ.... എൻെറ പാറേ മാതാവേ, എന്നെ തല്ലിക്കല്ലേ— ഞാൻ പറഞ്ഞാ തിട്ടമാ—

പാപ്പു:- (വിറച്ചു കൊണ്ടു്) ഇവനെനിക്കു കല്യാണം അന്വേഷിച്ചുതരാന്നും പറഞ്ഞുകൊണ്ടു പോന്നതാണേ ചേട്ടന്മാരേ— ഇവിടെ നിന്നാപെണ്ണു വെള്ളം കോരാൻ പോകുമ്പോൾ കാണാന്നു പറഞ്ഞു; അങ്ങനെ ഞങ്ങളിവിടെ ഇരിക്കുവാന്നു. ഞങ്ങളെ കണ്ടു പെണ്ണു വിരണ്ടോടിയതാണേ— ഞങ്ങളൊന്നും ചെയ്തില്ലേ-

അപരി: ഒന്നാമൻ:- ആട്ടെ ഇനി ഈ വഴിക്കെങ്ങാനും വന്നാൽ നിങ്ങളെ വച്ചിരിക്കുല്ല. കേട്ടോ, പറഞ്ഞേക്കാം ഇപ്പോ പൊക്കോ.

രണ്ടാമൻ:_ (പിടി വിട്ടിട്ട്) ഉം ഓടിനെടാ: തെണ്ടി കളേ- ഉ് (രണ്ടുപേരും പോകുന്നു. അപരിചിതരും പോകുന്നു. വക്കീലും പാപ്പുവും സ്റ്റേജിൻെറ മറുവശത്തു കൂടി അല്പം കഴിയുമ്പോൾ പ്രവേശിക്കുന്നു.)

പാപ്പു:- (ദേഷ്യത്തിൽ) നീയെന്നെ പററിച്ചില്ലേടോ തന്നെ ഞാൻ (കൈചുരുട്ടി വക്കീലിയോടടുക്കുന്നു.)

വക്കീ:- (സാഹസത്തിൽ) ഹാ—അരുതുപാപ്പു! ഞാൻ വിചാരിച്ചതാ, അവന്മാര് രണ്ടിട്ടുകൊട്ടുക്കണോന്ന്—ഹല്ല അവന്മാരു വന്നിരിക്കുന്നു— നോക്കണേ—

പാപ്പു:- താനിങ്ങനെ എന്നെ ചതിച്ചല്ലോ—

വക്കീ:- ഞാൻ അറിഞ്ഞോണ്ടാണോ പാപ്പു; നിൻെറ കൂട്ടത്തിൽ പോന്നിട്ടെനിക്കും ഇപ്പോൾ കൈകിട്ടിയേനെ;!

പാപ്പു:- പിന്നെ, പിന്നെ, താനൊരു മഹാ പുള്ളിയാണല്ലോടോ...! വാദി പ്രതിയായല്ലോ.... (കുറച്ചുനേരം മൗന; മായി ആലോചിച്ച ശേഷം...) പക്ഷെ, ആ പെണ്ണിനു മുടന്തുകാലാണല്ലോടോ വക്കീച്ചേട്ടാ...!

വക്കീ:- ഹാ! പിന്നെ, അതു വെള്ളം കോരാൻ വന്നിട്ടല്ലേടാ മണ്ടാ? ഞാൻ പറഞ്ഞാ തിട്ടമാ....!

പാപ്പു:- വെള്ളം കോരാൻ വരുന്നവക്കൊക്കെ മൊടന്തുകാലാണോടോ....?

വക്കീ:- കുടമല്ലേ പാപ്പു. എളിക്കിരിക്കുന്നേ— അപ്പോൾ പിന്നെ ശരിക്കു നടക്കാമോ? നീയെന്താ ഈ പറയണേ എൻെറ പാപ്പു..?

പാപ്പു:- നേരാണോ...? താനെന്നെ ചതിക്കുമോ...?

വക്കീ:- ഞാൻ പറഞ്ഞാതിട്ടമാ... എന്നാലിപണിക്കു് അടക്കണ്ടല്ലോ:

പാപ്പു:- ശരി (ആലോചിച്ചിട്ട്) അപ്പഴേ, സ്ത്രീധനത്തിൻെറ കാര്യം?

വക്കി:- അതൊക്കെ അഛരിങ്ങോട്ടു വരുമ്പോ പറയാല്ലൊ.

പപ്പ- ശരി, എന്നാലങ്ങനെ തന്നെ. എന്നു നടത്തണം?

വക്കി:- അതവരോട്ടും കൂടി ആലോചിച്ചിട്ടു പോരേ- പെണ്ണിൻെറ വീട്ടുകാരെ നമ്മള് കണ്ടില്ലല്ലോ ഇതുവരെ.

പാപ്പ്:- എന്നാല്യ് അടുത്ത ഞായറാഴ്ച ഉച്ച കഴിഞ്ഞു് അവർ കാണാൻ വരട്ടെ; ഞാൻ സുന്നരനായിരുന്നേക്കാം. പിന്നത്തെ വ്യാഴാഴ്ച ഒത്തുകല്യാണം— കെട്ടുകല്യാണം നോമ്പു പിടിക്കണേനു മുമ്പു നടത്തണം— ഇതാണെൻെറ പ്ലാൻ കേട്ടോ. അക്കാര്യം വക്കിച്ചേട്ടൻ അവരോടു പറയണം. (സന്തോഷഭാവത്തിൽ വക്കിയെ നോക്കുന്നു) എന്താ വക്കിച്ചേട്ടാ?

വക്കി:- കല്യാണം ഒക്കെ നമുക്കു് കെങ്കേമമായി തന്നെ നടത്തണം. ഞാൻ പറഞ്ഞേക്കാം. അവസാനം മനുഷ്യരെ ക്കൊണ്ടു പറയിക്കരുതു്...

പാപ്പ്:- ശരി; അങ്ങനെ തന്നെ (ആത്മഗതം) ഒന്നാം തരം പെണ്ണാ; ആവുന്നതും വേഗം കെട്ടണം. കൈവിട്ടു പോയാ പോയി (രണ്ടുപേരും പോകുന്നു.)

കർട്ടൻ.

## രംഗം 5.

(കമ്മ്യൂ: പാർട്ടി ഓഫീസ്. പാർട്ടി സെൽ സെക്രട്ടറി സ: ഇടിരാമൻ ഇരുന്നു് എന്തോ എഴുതുന്നു. അല്പം കഴിയു മ്പോൾ സ: കോലൻ കുരുവിള സ്റ്റേജിൻെറ ഒരു വശത്തു കൂടി പ്രത്യക്ഷപ്പെടുന്നു. സ: ഇടിരാമൻ കേൾക്കത്തക്ക സ്വരത്തിൽ ചുമക്കുന്നു.)

സ. ഇ. രാമൻ:- (തല ഉയർത്തി നോക്കുന്നു. കോലൻ കുരുവിളയെ കാണുന്നു.) എന്തെടോ ചുമക്കുന്നതു്?

കോ. കരു:- (അടുത്തു വന്നിട്ട്) എന്താ സഖാവേ ഇത്ര തിടുക്കത്തിൽ എഴുതുന്നതു്?

സ. ഇ. രാമൻ:- സ്വല്പം റിക്കാർഡുകൾ എഴുതുകയാണ്. തായിനി മേലാൽ ഇങ്ങനെ പുറത്തുനിന്നു ചുമക്കരുതു്. ഇന്നാളൊരു ദിവസം ഒരാൾ പുറത്തു വന്നിങ്ങനെ ചുമച്ചു. എന്താ എന്നു ഞാൻ ചോദിച്ചു. അയാൾ കയറി വന്നിട്ട് ചോദിക്കുകയാണെന്നോ എൻെറ പേർ ചുമ എന്നാണോ എന്നു്...! പിന്നെ ചുമച്ചപ്പോൾ എന്താ എന്നു് വിളികേട്ടതെന്തിനാണെന്നു്; ശരിയല്ലേ, അന്നു ഞാനല്പമൊന്നു ചമ്മിപ്പോയി— അതു പോകട്ടെ; എന്താണു പിന്നെ വിശേഷങ്ങൾ?

സ: കരു:- എൻെറ സഖാവേ, എന്തു പറയാനാ...? എനിക്കു കഴിഞ്ഞ ആഴ്ചയിൽ ഒരമളി പററി. അതെന്നിക്കോക്കാൻ വയ്യാ. അല്ല അവനോടു ഞാൻ ചോദിച്ചോളാം.

ഇ. രാ:- എന്താണു പറയൂ. സഖാവിനെന്തു വേണമെങ്കിലും തുറന്നുപറയാമല്ലൊ, നമ്മുടെ ഭരണമല്ലെ നടക്കുന്നതു്? ഭയപ്പെടാനൊന്നുമില്ല.

സ. കരു: എന്താ ഫലം? സംഗതി നടക്കാൻ പോകുന്നില്ല; എങ്കിലും അവനോടൊന്നു ചോദിക്കണം...! അത്രേയുള്ളു എനിക്കു്.

ഇ. രാ:- (ക്ഷമയററ സ്വരത്തിൽ) എന്താടോ സംഗതി പറയൂ...! ഇന്നീ സ. ഇ. രാമൻ വിചാരിച്ചാൽ നടക്കാത്ത കാര്യമില്ല; തനിക്കറിയാമോ?

സ. ക:- എന്നാ പറയാം, പന്തലേൽ ജോയിന്നും പറഞ്ഞൊരു പുള്ളിയില്ലേ? ഇക്കൊല്ലം ഡാക്ടർപരീക്ഷ പാസായ വിദ്വാൻ? അവനെന്നെ കഴിഞ്ഞ ആഴ്ച കളിയാക്കി വിട്ടു—

സ. ഇ. രാ:- (അല്പം നീരസത്തോടെ) നീയെന്തിയാണവിടെ പോയതു്?

സ. കു:- (ഒരുശൃംഗാരചിരിയോടെ)അതെന്തിയെങ്കിലും ആകട്ടെ— അവനെന്നെ ആക്ഷേപിച്ചു....!

ഇ. രാമൻ:- (അല്പം ക്രുദ്ധനായി) കാര്യം പറയെടാ—! നീയെന്തിനവിടെപ്പോയി?

സ. കു:- (സഗൗരവം) അതു താനറിയേണ്ട—

ഇ. രാമൻ:- (കോപത്തിൽ) എടാ, സൂക്ഷിച്ചു സംസാരിക്കണം; അല്ലെങ്കിൽ ഇടിച്ചുനിൻെറ സിലണ്ടർ ഇളക്കികളയും (മുഷ്ടി ചുരുട്ടിക്കൊണ്ടു് അടുക്കുന്നു) നീ കാര്യം പറയുന്നോ ഇല്ലയോ?

സ. കു:- (മുഷ്ടിചുരുട്ടി) ഇല്ലെങ്കിൽ നീയെന്തു ചെയ്യുമെടീ—

ഇ. രാ:- നിന്നെ ഞാൻ ആണും പെണ്ണും അറിയിക്കാമെടാ (കേറി പിടിക്കുന്നു; പക്ഷെ സ: കുരുവിള ഇടിരാമനെ പെട്ടെന്നു് വീഴിക്കുന്നു. എങ്കിലും ഇ. രാമൻ പിടഞ്ഞെഴുന്നേററിട്ടു്) നീ നോക്കിക്കോടാ, പട്ടീ! ഞാനാണാണെങ്കിൽ നീ നോക്കിക്കോ (അല്പം മുടന്തി നടന്നുപോകുന്നു— പക്ഷേ ഉടൻ തിരിച്ചു വന്നിട്ടു്) അല്ലെങ്കിൽ എന്തിനാ സഖാക്കളായ നാം വഴക്കു കൂട്ടുന്നതു്....?

കുരുവിള:- (ഹാസ്യമായ സ്വരത്തിൽ) അങ്ങനെമര്യാദ പഠിക്കു്—

ഇ. രാമൻ:- അതുപോകട്ടെ (സ. കുരുവിളയുടെ പുറത്തു് ശാന്തമായി തട്ടിയിട്ടു്) നീയെന്തിനാടാവേ പന്തലേൽ പോയതു്?

സ. കു:- അങ്ങനെ മര്യാദയ്ക്കു ചോദിക്കു്....!
ആ ജോയിടെ പെങ്ങളില്ലേ മേരി....?

ഇ. രാമൻ:- (ഇച്ഛ്ലേ കയറി) അതു വേറെകാര്യം അതിന നീ വെറുതെ മണ്ടുകൊള്ളണ്ടാ?....

സ. കു:- പക്ഷെ അതിനു നീയും വെറുതേ മെനക്കെടേണ്ട! ആക്കുമില്ല; ഈ ശേപ്പടിവിദ്യയിലൊന്നും അവൾ അടുക്കുകയില്ല....

ഇ. രാമൻ:- പോടാ, പോടാ, ഞാൻ അടുപ്പിക്കും നീ നോക്കിക്കോ....!

സ. കു:- (ഹാസ്യമായി) ഞാൻ ചെന്നിട്ടവൾ കാര്യം പറയുന്നതിനു മുമ്പുതന്നെ എന്നെ ചാടിച്ചുവിട്ടു. പിന്നല്ലെ നീ- ഈ കൊരങ്ങുമോക്കു ചെന്നാൽ സാധിക്കുന്നതു്? അതിനെന്തെങ്കിലും ഒരു പാഠം അവരെരണ്ടുപേരെയും പഠിപ്പിക്കും അതാണു് ഞാൻ ആദ്യം പറഞ്ഞതു്—മനസ്സിലായോ?

ഇ. രാമൻ:- എന്നാൽ നമുക്കു രണ്ടുപേക്കും കൂടി ഒന്നു പോയി നോക്കാം. ഞാൻ പറയുന്നതുപോലെ നീ കേട്ടാ മതി.

കുരുമ്പിള:- ശരിപോകാം. ശ്രമിച്ചുനോക്കാം(പോകുന്നു)

കർട്ടൻ.

## രംഗം 6.

(ജോയിയും മേരിയും സംസാരിക്കുന്നു. സമയം സായാഹ്നം)

ജോയി:- എന്റെ മേരി, കാര്യങ്ങളെല്ലാം വഷളായി വരുന്നതുപോലെ തോന്നുന്നല്ലോ.

മേരി:- (ഉദ്വേഗത്തോടെ) എന്തുപററി ജോയിച്ചാച്ചാ എന്നോടു പറയൂ—

ജോയി:- പക്ഷേ മേരി അതറിഞ്ഞാൽ സങ്കടപ്പെടും. അതെനിക്കു കാണാൻ സാധ്യമല്ല—

മേരി:- പിന്നെന്തിനാണു് ഇത്രയും പറഞ്ഞതു്? മുഴുവനും പറയണം. സങ്കടകരമായ വാത്തയാണെങ്കിൽ നമുക്കൊരുമിച്ചു സഹിക്കാം ജോയിച്ചാച്ചാ (മുഖം മ്ലാനമാകുന്നു) നമ്മുടെ പ്രിയപ്പെട്ട അമ്മ മരിച്ചതിൽ പിന്നെ നമ്മളെന്നും ഒരുമിച്ചല്ലേ സഹിച്ചിട്ടുള്ളതു്?

ജോയി:- ഇതു നമുക്കൊരുമിച്ചു സഹിക്കാൻ സാധിക്കു മെന്നു തോന്നുന്നില്ല മേരീ!

മേരി:- അങ്ങനെ നമുക്കൊരാൾക്കു മാത്രമുള്ള ദുഃഖമു ണ്ടോ ജോയിച്ചാച്ചാ—?

ജോയി:- (ആലോചനാപൂർവ്വം)എന്തിനല്ലെങ്കിൽ ഞാൻ ദുഃഖിക്കുന്നു? എൻെറ മേരി സുഖമായി ജീവിക്കുന്നുണ്ടെ ന്നറിഞ്ഞാൽ എൻെറ ഏതു സങ്കടവും എനിക്കു സന്തോഷ മായിത്തീരും(മ്ലാനമായ മുഖത്തു് സങ്കടത്തോടെയുള്ള പുഞ്ചിരി തെളിയുന്നു.)

മേരി.- എങ്കിലും ജോയിച്ചാച്ചൻ ആ രഹസ്യം എന്നിൽ നിന്നു മറച്ചുവയ്ക്കുകയാണല്ലൊ. എന്തിനിങ്ങനെ എന്നെ വേദനിപ്പിക്കുന്നു— ഞാൻ സമ്മതിക്കുകയില്ല—

ജോയി:- എൻെറ മേരിയോടു പറയാത്ത രഹസ്യമൊ ന്നും എനിക്കില്ല; അതിനും പുറമേ ഇതു രഹസ്യമല്ലതാനും!!

മേരി:- അല്ല, ഇനിയും പറയുന്നില്ലല്ലോ (കരയാൻ ഭാവിക്കുന്നു) ഇതിൽഭേദം എന്നെ........

ജോയി:- (പെട്ടെന്നു്) അതു് മററൊന്നുമല്ല. ഞാൻ നമ്മുടെ ഭാവിയെപ്പററി അവഗാഢം ചിന്തിച്ചുനോക്കി, (നെടുവീർപ്പിട്ടുകൊണ്ടു്) കമ്മ്യൂണിസത്തിൻെറ ഈ വിജയം നമ്മുടെ ഭാവിജീവിതത്തെ തകർത്തുകളഞ്ഞെന്നു് എനിക്കു തോന്നുന്നു. (ചിന്താപൂർവ്വം ചക്രവാളാന്തികത്തിലേയ്ക്കു നോക്കി യിരിക്കുന്നു.)

മേരി:- ഓഹോ അത്രേയുള്ളോ? അതിപ്പോൾ ജോയി ച്ചാച്ചനു മാത്രമുള്ളതല്ലല്ലൊ. എല്ലാ കമ്മ്യൂണിസ്റ്റിതരർക്കും പ്രത്യേകിച്ചു എല്ലാ കത്തോലിക്കർക്കും ഉള്ളതല്ലേ?

ജോയി:- നാം കമ്മ്യൂണിസ്റ്റിതരരിൽ പെടുകയില്ലേ? കത്തോലിക്കരിലും പെടുകയില്ലേ മേരീ? നാമോരോരുത്തരും ഈ പൊതുശത്രുവിനെ നേരിട്ടു തോല്പിക്കണം. അതിനു

നാം സംഘടിക്കണം, ഭാവി പരിപാടികൾ തീരുമാനിക്കണം; ത്യാഗം കുറെ സഹിക്കണം. സഭയ്ക്കും സമുദായത്തിനും വേണ്ടി എന്തും ത്യജിക്കുവാൻ നാം തയ്യാറായിരിക്കണം ആത്മാർത്ഥസ്നേഹവും തമ്മിൽ ഉണ്ടായിരിക്കണം— ഈ വക കാര്യങ്ങളെപ്പററി മേരി ചിന്തിക്കാറില്ലേ?

മേരി:– ഇവയെല്ലാം സഭയുടേയും സമുദായത്തിൻേറയും നേതാക്കന്മാർ ചിന്തിക്കട്ടെ എന്നാണെനിക്കുതോന്നുന്നതു്.

ജോയി:– സഭാനേതാക്കന്മാർമാത്രം ചിന്തിച്ചാൽ മതിയാകയില്ല മേരീ (ഹാസ്യഭാവത്തിൽ പുഞ്ചിരിച്ചുകൊണ്ടു്) ഇതാണു് ഞാൻ പറയാറുള്ളതു് വനിതകൾ അഭ്യസ്തവിദ്യരായാലും പുരുഷന്മാരോളം പ്രബുദ്ധരല്ലെന്നു്!

മേരി:– (അല്പം ആവേശത്തോടെ) അതു ഞാൻ സമ്മതിക്കുകയില്ല. പുരുഷന്മാക്കു് ആലോചിച്ചു തീരുമാനിക്കാൻ സാധിക്കുമായിരിക്കും. പക്ഷെ അവരുടെ പ്രവൃത്തിക്കു് പ്രചോദനം നൽകുന്നതു സ്ത്രീയാണു്. എബ്രാഹം ലിങ്കൺ പറഞ്ഞിരിക്കുന്നതു് ജോയിച്ചാച്ചൻ കേട്ടിട്ടുണ്ടോ?

ജോയി:– ഓ— അതെന്താണു്?...........

മേരി:– ഹഹാ. അതെന്നും കേട്ടിട്ടില്ലേ? എന്നാൽ പറയാം! സമുദായമാകുന്ന കത്രികയുടെരണ്ടീതളുകളാണു് സ്ത്രീയും പുരുഷനും; ഒന്നിനു മറെറാന്നു കൂടാതെ പ്രവത്തിക്കാൻ സാധ്യമല്ല.

ജോയി:– (ശാന്തമായി) ഒന്നിനു് മറെറാന്നിൻേറ സഹായമില്ലെങ്കിൽ സ്വയം മൂർച്ച കൂട്ടി പ്രവത്തനത്തിനു് പര്യാപ്തമായിക്കൊള്ളും. അങ്ങനെ അതു് സ്വയം ശക്തമാകുമ്പോൾ ശാശ്വതമായി നിലനിൽക്കുകയും ചെയ്യും. അല്ലെങ്കിൽ പരസ്പരം ചിലപ്പോൾ പ്രവത്തനതടസ്സമുണ്ടാക്കിയെന്നും വരാം. അതാണു ഞാൻ ഭാവിയെപ്പററി ഗാഢമായി ചിന്തിക്കണമെന്നു ആരംഭത്തിൽ പറഞ്ഞതു്?

മേരി:– (ഉദ്വേഗത്തോടെ) അപ്പോൾ ഞാനെന്താണി
തിൽ നിന്നും മനസ്സിലാക്കേണ്ടതു്?

ജോയി:– ഞാൻപറയുന്നതിനു മുമ്പ് നീ പരിഭ്രമിക്ക
ല്ലെ! ഞാൻ തീരുമാനമൊന്നും എടുത്തിട്ടില്ല; ഞാൻ മേരി
യോടു ചോദിക്കാതെ വല്ല തീരുമാനവും എടുക്കുമോ?

മേരി:– പക്ഷേ ഇപ്പോഴത്തെ പോക്കുകണ്ടിട്ടു് എനിക്കു
ചില സംശയങ്ങൾ തോന്നുന്നു....!

ജോയി:– അല്ലെങ്കിലും സ്ത്രീകൾക്കെപ്പോഴും സംശയ
മേയുള്ളു.

മേരി:– ജോയിച്ചാച്ചനെപ്പോഴും സ്ത്രീകളെ കളിയാക്കു
കയാണു തൊഴിലെന്നു് തോന്നുന്നല്ലോ (അല്പനേരം ആലോ
ചനാപൂർവ്വം ഇരുന്നശേഷം) ജോയിച്ചാച്ചനെന്താണു് തീരു
മാനിച്ചിരിക്കുന്നതു്?

ജോയി:– ഞാനൊന്നും തീരുമാനിച്ചില്ലെന്നു പറഞ്ഞി
ല്ലെ. ഞാൻ മുമ്പേപറഞ്ഞ വാസ്തവങ്ങളുടെ വെളിച്ചത്തിൽ
മേരി തീരുമാനിക്കണം നാം ഭാവിയിൽ എന്തു ചെയ്യണ
മെന്നു്.

മേരി:– (സന്തോഷപൂർവ്വം) ശരി ഞാൻ പറയാം. ജോ
യിച്ചാച്ചൻ M. B. B. S. പാസ്സായില്ലേ? ജോയിച്ചാച്ചൻ
പ്രാക്ടീസു് തുടങ്ങണം. നല്ലൊരു ഡാക്ടർക്കു് സമുദായസേ
വനം ചെയ്യാം. അതു കമ്മ്യൂണിസത്തിനു് നല്ലൊരു വെല്ലു
വിളിയായിരിക്കും. ജോയിച്ചാച്ചന്റെ ആശുപത്രിയുടെ മാ
നേജർ—അല്ലെങ്കിൽ അതിലൊരു നേഴ്സ് ഞാനായിക്കൊ
ള്ളാം. അങ്ങനെ നമുക്കു് നമ്മുടെ ജീവിതം നിത്യബ്രഹ്മ
ചര്യത്തിലും എന്നാൽ സഹോദരസ്നേഹത്തിലും സേവന
ത്തിലും ത്യാഗത്തിലും ഒക്കെ കഴിച്ചുകൂട്ടാം. എന്താ—?

ജോയി:– എന്റെ പൊന്നു സോദരി എത്ര ആത്മാർത്ഥ
തയും സ്നേഹവുമുള്ളവളാണെന്നു് എനിക്കു മനസ്സിലാകുന്തോ
റും എന്റെ ഹൃദയം പുളകച്ചാർത്തണിയുകയാണു്....! നി
ന്റെ അഭിപ്രായം വളരെ നല്ലതു തന്നെ. പക്ഷെ മേരി

എന്നെ തെററിദ്ധരിക്കരുതു്— നിൻെറ ഈ അഭിപ്രായത്തിൽ ഒരല്പം സ്വാർത്ഥത ഒളിഞ്ഞു കിടപ്പുണ്ടെന്നു് എനിക്കു തോന്നുന്നു.

മേരി:— ജോയിച്ചാച്ചനെ ഞാനൊരിക്കലും തെററിദ്ധരിച്ചിട്ടില്ല; തെററിദ്ധരിക്കയുമില്ല. ഞാനിപ്പറഞ്ഞതിലുള്ള ത്യാഗം മാത്രമേ ദൈവം നമ്മിൽ നിന്നാവശ്യപ്പെടുന്നുള്ളു എന്നാണെൻെറ അഭിപ്രായം.

ജോയി:— (ദൃഢസ്വരത്തിൽ) എനിക്കും ഈ വിചാരം ഉണ്ടാകാതിരുന്നില്ല. പക്ഷെ നാം ദൈവത്തിനുവേണ്ടി ത്യജിക്കുമ്പോൾ അല്പം നമുക്കുവേണ്ടി മാററിവച്ചിട്ടു ചെയ്യുന്നതു ശരിയല്ല. ഇതാണു നിൻെറ അഭിപ്രായത്തിൽ നിന്നെന്നെ അല്പം അകററുന്നതു്.

മേരി:— പിന്നെന്തു ചെയ്യണമെന്നാണു് ജോയിച്ചാച്ചൻ പറയുന്നതു്?

ജോയി:— എൻെറ മേരി എന്നോടു പിണങ്ങരുതു് എൻെറ പൊന്നുസോദരി വിവാഹിതയാകണം. എന്നിട്ടു് ഞാൻ ഏകനായി........

മേരി:— (ഇടയ്ക്കുകയറി) നിറുത്തണം ജോയിച്ചാച്ചാ! അതെനിക്കു കേൾക്കണ്ട. (കണ്ണുനീർ തൂകുന്നു) എൻെറ ജോയിച്ചാച്ചനെ തനിച്ചാക്കിയിട്ടു് എനിക്കു് ഈ ലോകത്തിലൊരു വിവാഹം ആവശ്യമില്ല. മറെറാരാളെ സ്നേഹിക്കാനും എൻെറഹൃദയത്തിനു് സാദ്ധ്യമല്ല.

ജോയി:— (അത്ഭുതപൂർവ്വം) സഹോദരസ്നേഹവും ഭർത്തൃസ്നേഹവും ഒന്നാണോ മേരീ?

മേരി:— ഒന്നല്ല. പക്ഷെ എൻെറഹൃദയത്തിൽ സഹോദരസ്നേഹം നിറഞ്ഞുപോയി. ഇനി ഈ ലോകത്തിലെ മറെറാരു സ്നേഹത്തിനു് അവിടെ പ്രവേശനമില്ല. മനുഷ്യഹൃദയത്തിനു് ഇത്രമാത്രമേ സ്നേഹിക്കുവാൻ കഴിവുള്ളു എന്നില്ലേ?

ജോയി:– അപ്പോൾ സഹോദരന്മാരുള്ള സ്ത്രീകളാരും വിവാഹം കഴിക്കുകയും ഭർത്താവിനെ സ്നേഹിക്കുകയും ചെയ്യുന്നില്ലേ മേരി?

മേരി:– കാര്യമെല്ലാം ശരി. പക്ഷെ എനിക്കിന്നി അതു സാധ്യമല്ല. എനിക്കെൻെറ ജീവിതകാലമത്രയും എൻെറ ജോയിച്ചാച്ചനെ സഹായിച്ചും ജോയിച്ചാച്ചനോട്ട് സഹകരിച്ചും ഒരു കന്യകയായി ജീവിക്കണമെന്നാണ് എൻെറ ആഗ്രഹം! അതിനു ലോകം എന്തെല്ലാം വ്യാഖ്യാനങ്ങൾ നൽകിയാലും ശരി ജോയിച്ചാച്ചൻ എതിർക്കാത്തിടത്തോളം കാലം ഞാൻ........

ജോയി:– (പറഞ്ഞുതീരുന്നതിനു മുമ്പ്) നിൻെറ ആഗ്രഹം എനിക്കു മനസ്സിലായി മേരി. ആ ആഗ്രഹം പരിശുദ്ധമാണെന്താനും. പക്ഷേ........

മേരി:– (ഉദ്വേഗപൂർവ്വം) എന്തു പക്ഷേ........?

ജോയി:– എൻെറ പൊന്നുസോദരി, ഈ ഏഴയായ എനിക്കുവേണ്ടി എന്തിനു് നിൻെറ ശോഭനമായ ഭാവി....!

മേരി:– (ജോയിയുടെ വായ്പൊത്തിയിട്ട്) നിറുത്തു ജോയിച്ചാച്ചാ; അതൊന്നും കേൾക്കാൻ ഞാൻ ഒരുക്കമല്ല; നാമിരുവരും ഒരേ ഞെട്ടിൽ വിട്ടന്നവരാണ്. ജോയിച്ചാച്ചൻ ഏഴയെങ്കിൽ ഞാനും ഏഴതന്നെയാണ്.— ഏഴയായ ഈ ഞാനെന്തിനു് മറെറാരു ജീവിതത്തിൽ പററിപ്പിടിച്ചു് അതിനേക്കൂടി നശിപ്പിക്കുന്നു? ജോയിച്ചാച്ചനങ്ങനെയല്ല!

ജോയി:– നീയെന്നെ കളിപ്പിക്കുകയാണു് മേരി.

മേരി:– (അല്പം നീരസഭാവത്തിൽ) കളിപ്പിക്കയാണെങ്കിൽ സഹിച്ചോ— അല്ലാ പിന്നെ........!

ജോയി:– അതു പോകട്ടെ. നമ്മുടെ ഭാവിയെപ്പററി എൻെറ അഭിപ്രായം ഞാനൊന്നുകൂടി ആവർത്തിക്കുന്നു. എന്റെ സഹോദരി വിവാഹം കഴിച്ചു കാണുവാൻ....!

മേരി:– മിണ്ടരുതെന്നു പറഞ്ഞില്ലേ? അതു സാധ്യമല്ല.

ജോയി:– ഞാൻ പറയട്ടെ... നിന്നെ നരകതുല്യമായൊരു സ്ഥലത്താക്കിയിട്ട് എനിക്ക ലോകത്തോടു യാത്ര പറയണം!

മേരി:– (കണ്ണുനീർ തൂകുന്നു) ഞാൻ ജോയിച്ചാച്ചനൊരു ഭാരമാണെങ്കിൽ........?

ജോയി:– (മേരിയുടെ കണ്ണുനീർതുടച്ചിട്ട്) നീഒരിക്കലും എനിക്കൊരു ഭാരമായിരിക്കയില്ല— എൻെറ മേരീ നീ കരയാൻ വേണ്ടി പറഞ്ഞതാണോ? നിൻെറ കണ്ണുനീർ കാണുവാനുള്ള ശക്തി എനിക്കില്ലെന്നു നിനക്കറിയാമല്ലോ.

മേരി:– പിന്നെന്താണിങ്ങനെ ജോയിച്ചാച്ചൻ ഹൃദയമില്ലാതെ സംസാരിക്കുന്നതു്?

ജോയി:– (അല്പം ഗൗരവപൂർവ്വം) നാം ഇന്നത്തെ സാഹചര്യങ്ങൾ ഏററവും നന്നായി മനസ്സിലാക്കുവാൻ കഴിവുള്ള അഭ്യസ്തവിദ്യരായ യുവജനങ്ങളാണു്. നാം ആദ്യം നമ്മുടെ സത്യസഭയുടെ അംഗങ്ങളായി. പിന്നീടാണു് നാം സ്നേഹിച്ചതു്. അതിനാൽ നമ്മുടെ രണ്ടുപേരുടേയും ആദ്യത്തെ സ്നേഹപാത്രമായ ദൈവവും സഭയും അല്പം ത്യാഗം നമ്മിൽനിന്നു് ഇപ്പോൾ ആവശ്യപ്പെട്ടപ്പോൾ നാം അതു ചെയ്തു കൊടുക്കേണ്ടേ? നമ്മുടെ പരസ്പര സ്നേഹത്തിൻെറ ഒരു ഭാഗം മാത്രം, ഈ ജീവിതകാലത്തുമാത്രം, നാം ത്യജിച്ചാൽ നമ്മുടെ അമ്മയായ സഭക്കു് അതു് ആവശ്യപ്പെടുന്ന വലിയൊരു സഹായമായിരിക്കും. അതിനവൾ നമ്മെ ആഹ്വാനം ചെയ്യുന്നു. ആ വിളി നാം ശ്രവിച്ചില്ലെങ്കിൽ പിന്നെ ആരു ശ്രവിക്കും? എങ്ങനെ സഭ നിലനിന്നുപോരും. എൻെറ പൊന്നു സോദരി നിഷ്പക്ഷമായിട്ടൊന്നു് ആലോചിച്ചു നോക്കൂ—

മേരി:– (കണ്ണുനീർ തുടച്ചിട്ടു്—അല്പംആലോചനാപൂർവ്വം) എന്നാലും ഞാൻ വിവാഹം കഴിക്കണമെന്നു് ജോയിച്ചാച്ചൻ പറയുന്നതെന്താണു്? വിവാഹം കഴിച്ചാൽ ഞാൻ

ഭർത്താവിനെ സ്നേഹിക്കാൻ ബാദ്ധ്യസ്ഥയായിത്തീരുക കയില്ലേ? അതു് ഇപ്പറഞ്ഞ ത്യാഗത്തിനു് വിഘാതമാകയി ല്ലേ? ഏതായാലും അതെനിക്കു സാദ്ധ്യമല്ല.

ജോയി:— നീ വിവാഹിതയായിത്തീർന്നെങ്കിൽ മാത്രമേ എനിക്കു നിന്നെപ്പററിയുള്ള ഉൽക്കണ്ഠ തീരുകയുള്ളൂ ലോകത്തെപ്പററി— സൃഷ്ടവസ്തുക്കളെപ്പററി— ഏതെങ്കിലും ഉൽക്കണ്ഠയുള്ള ഒരാൾക്കു് ലോകത്തെ പരിപൂർണ്ണമായും പരിത്യജിച്ചു് ദൈവത്തെ സേവിക്കുക സാദ്ധ്യമല്ല.

മേരി:— അപ്പോൾ ജോയിച്ചാച്ചൻ സന്യസിക്കാനാണോ തീരുമാനിച്ചിരിക്കുന്നതു്?

ജോയി:— സന്യാസസഭയിൽ ചേരാതെതന്നെ ഞാൻ ലോകാഡംബരങ്ങളെ ഉപേക്ഷിച്ച ഒരു വൈദികനാകും; അങ്ങനെ ഞാൻ ലോകത്തിൽനിന്നുമകന്നു് ലോകത്തിലെ കമ്മ്യൂണിസത്തിനെതിരായി പോരാടും. ഈ പോരാട്ടം ഇന്നു് ഓരോ കത്തോലിക്കന്റേയും കടമയാണു്. ഇങ്ങനെ പറയുന്നതു് എനിക്കു മേരിയോടു സ്നേഹമില്ലാത്തതുകൊണ്ടല്ല. ദൈവത്തെ കൂടുതൽ സ്നേഹിക്കുന്നതുകൊണ്ടാണു്. നമുക്കിരുവർക്കും സ്വർഗ്ഗത്തിൽ അനവരതം ഒരുമിച്ചുജീവിക്കുവാനുള്ള അതിയായ ആഗ്രഹം കൊണ്ടാണു മേരീ.

മേരി:— എന്റെ ഹൃദയം പൊട്ടുന്നതുപോലെ തോന്നുന്നു. (നെഞ്ചിൽ കൈവച്ചുകൊണ്ടു് ചാഞ്ഞിരിക്കുന്നു. ജോയി സ്നേഹപൂർവ്വം താങ്ങിപ്പിടിക്കുന്നു. ഷർട്ടിന്റെ തുമ്പുകൊണ്ടു് മേരിയെ വീശുന്നു. കുറെക്കഴിഞ്ഞു് വന്നിരുന്നു് ധൈര്യപൂർവ്വം) ജോയിച്ചാച്ചന്റെ ധീരമായ ഈ തീരുമാനത്തിനു് എന്റെ നമോവാകം. ഞാനും എന്റെ ഭാവി ഇവിടെ വച്ചു് നിശ്ചയിക്കുന്നു. കാരണം ഈ കാലസന്ധിയുടെ പൂർണ്ണഗൗരവം എനിക്കും നന്നായി മനസ്സിലായി. ദൈവത്തിനും സഭയ്ക്കും വേണ്ടി സ്വയം പൂർണ്ണമായർപ്പിക്കുവാൻ ഞാനും തീരുമാനിക്കട്ടെ!

കർട്ടൻ.

## രംഗം 7.

(സാമാന്യം നന്നായലങ്കരിച്ച മുറി. മേരി വായിച്ചുകൊണ്ടിരിക്കുന്നു. സമയം രാത്രി 8 മണി)

മേരി:- (വായന നിറുത്തിയിട്ട് ആത്മഗതം) ഹാ, എൻെറ ജോയിച്ചാച്ചൻ സർവ്വസംഗപരിത്യാഗിയായൊരു വൈദികൻ ആയിത്തീരുവാൻ തീരുമാനിച്ചുകഴിഞ്ഞല്ലൊ. ഈ കമ്മ്യൂണിസ്റ്റുകാലത്തു് ആ തീരുമാനം എത്രയോ ആപൽക്കരമാണു്!! എങ്കിലും സ്വർഗ്ഗസ്ഥനായ പിതാവേ! അങ്ങേയ്ക്കു വേണ്ടിയാണല്ലൊ; അദ്ദേഹത്തെ കാത്തുകൊള്ളേണമേ. നാടിനെ നശിപ്പിക്കാൻ കച്ചബന്ധം ചെയ്തിരിക്കുന്ന കമ്മ്യൂണിസ്റ്റുകാരൻെറ മുമ്പിൽ ജോയിച്ചാച്ചൻ ഒരു ചോദ്യചിഹ്നമായിത്തീർന്നിരിക്കുകയാണല്ലൊ. നാഥാ, അദ്ദേഹത്തിൻെറ സദുദ്ദേശത്തെ ആശീർവദിക്കേണമേ. (ആരുടേയോ കാൽപ്പെരുമാററം കേൾക്കുന്നു.) ആരായിരിക്കും ഈ രാത്രി സമയത്തു് എൻെറ മുറിയിലേയ്ക്കു വരുന്നതു്? (കോലൻ കുരുവിളയും; ഇടിരാമനും പ്രവേശിക്കുന്നു. മേരി എണീററു് മാറി നിൽക്കുന്നു.)

കോ. കു:- (ഇരുന്നിട്ടു്) മി: ജോയി ഇവിടെയില്ലേ?

മേരി:- ജോയിച്ചാച്ചൻ എവിടേയോ പോയതാണു്. ഞാൻ അകത്തുപോയി എളേമ്മയെ വിളിച്ചുകൊണ്ടുവരാം (പോകാൻ തുടങ്ങുന്നു)

കോ. കു:- നിൽക്കൂ; അല്പം ചിലതെല്ലാം ഞങ്ങൾക്കു സംസാരിക്കുവാനുണ്ടായിരുന്നു. ഭവതി അനുവദിച്ചാൽ ഞങ്ങൾ പറയാം.

മേരി:- എളേമ്മയ്ക്കുകൂടി കേൾക്കാൻ പാടില്ലാത്ത കാര്യമാണോ?

ഇ. രാമൻ:- (അല്പം സംശയഭാവത്തിൽ) കേട്ടു കൂടെന്നില്ല. എങ്കിലും ഭവതിയുടെ അഭിപ്രായമറിഞ്ഞിട്ടു പറയുകയായിരിക്കും നല്ലതു് (ശൃംഗാരപൂർവ്വം കടാക്ഷിക്കുന്നു.)

മേരി:- (ഗൗരവത്തിൽ) പക്ഷേ ഇപ്പോഴത്തെ നിങ്ങളുടെ ഈ നിലയിൽ നിങ്ങളോട്ട് ഒററയ്ക്കു സംസാരിക്കുവാൻ എനിക്കു സാധ്യമല്ലെന്നു പറയുന്നതു് ക്ഷമിക്കണം.

ഇ. രാ!- (അല്പം ഇളിഭ്യനായ ചിരിയോടെ) നിങ്ങൾ ഞങ്ങളെ കളിയാക്കുകയാണോ?

മേരി:- ഈ അസമയത്തു് അനുവാദം കൂടാതെ എന്റെ മുറിയിൽ കയറി വന്നു് തനിയെ സംസാരിക്കുവാൻ ആവശ്യപ്പെടുന്ന നിങ്ങളെ ഞാൻ കളിയാക്കുന്നതായി വിചാരിച്ചാലും വലിയ തെററില്ല.

കോ. കു:- (ഗൗരവത്തോടെ) പക്ഷെ കളിയാക്കുന്നതു് ആരെയാണെന്നു് ഓർമ്മവേണം.

മേരി:- (ഗൗരവം വിടാതെ) എടോ, തന്നെ പല പ്രാവശ്യം ഞങ്ങളിവിടെ നിന്നു് ഇറക്കിവിട്ടതല്ലേ? പിന്നെയും ഈ അസമയത്തു് ഇവിടെവരാൻ—?

കോ. കു:- (കോപത്തോടെ) അവസാന തീരുമാനം അറിയുവാൻ വേണ്ടിയാണു് ഞങ്ങൾ ഇന്നു വന്നിരിക്കുന്നതു്. ഇന്നു് അതറിയണം. (രൂക്ഷമായി നോക്കുന്നു)

മേരി:- (കോപത്തോടെ) അവസാനതീരുമാനം എന്നേ പറഞ്ഞതല്ലോ....?

ഇ; രാ:- (ഹാസ്യഭാവത്തിൽ) നിങ്ങൾ ക്ഷോഭിക്കാതെ....!

മേരി:- ക്ഷോഭത്തേക്കാൾ കൂടുതൽ നിങ്ങൾ അർഹിക്കുന്നതു് ചൂരൽപ്രയോഗമാണു്.

ഇ. രാ:- പക്ഷേ ഇതെല്ലാം സൂക്ഷിച്ചുവേണം. ഇതാരുടെ ഭരണമാണെന്നറിയാമോ?

മേരി:- ആരുടെ ഭരണമായാലെന്താ....?

ഇ. രാ:- നീയും നിന്റെ ജോയിച്ചാച്ചനും ഇതിന്റെ സ്വാദു് അറിയും....!

കോ. കു:– അല്ലെങ്കിൽ ഇപ്പോൾതന്നെ അറിയിച്ചു കളയാം. (എണ്ണീക്കുന്നു)

മേരി:– (ഭയപ്പെട്ട്) എടാ പാപ്പ! (വിളിക്കുന്നു)

പാപ്പ:– (അണിയറയിൽ. എന്തോ എന്ന് വിളി കേൾക്കുന്നു. അവൻ ചൂലുമായി പ്രവേശിക്കുന്നു. മററുള്ളവർ ഓടുന്നു) എടാ കെട്ടവന്മാരെ നിങ്ങളെ ഞാൻ അടിച്ചു നട്ടവൊടിക്കും കേട്ടോ.

കർട്ടൻ.

## രംഗം 8.

(ജോയിയും മേരിയും. ജോയി യാത്രാവേഷത്തിൽ. കൈയിൽ ഒരു ഹാൻഡ്ബാഗ്, കുട)

മേരി:– (കണ്ണുനീരണിഞ്ഞു്) നാമിനി എന്നുകാണും ജോയിച്ചാച്ചാ?

ജോയി:– (ചിന്താപൂർവ്വം) എല്ലാം പെട്ടെന്നു കഴിഞ്ഞു പോകയില്ലേ മേരീ? (കണ്ണുനീരണിഞ്ഞു്) നാമീകാണുന്ന പ്രപഞ്ചവും സകല ചരാചരവസ്തുക്കളും ക്ഷണപ്രഭാചഞ്ചലങ്ങളാണ്. നാലോ അഞ്ചോ വർഷങ്ങൾ എത്ര വേഗം കടന്നുപോകും? നീ അതിനു ദുഃഖിക്കേണ്ട മേരി, എല്ലാം ദൈവത്തിനും സഭയ്ക്കും വേണ്ടി നമുക്കു സഹിക്കാം. അതാണു നമ്മുടെ നേട്ടം.

മേരി:– (ധൈര്യംപ്രാപിച്ച്) അങ്ങയുടെ ഈ ആദ്ധ്യാത്മികതത്വത്തിൻെറ വെളിച്ചത്തിൽ എൻെറ ദൈവവിളി ഞാൻ തെളിഞ്ഞുകാണുന്നു. ആ ദൈവവിളിയുടെ ദിവ്യനാദം ശ്രവിച്ചുകൊണ്ടു് എൻെറ ജീവിതം മുഴുവനും ദൈവത്തിനും സഭയ്ക്കുംവേണ്ടി ബലികഴിക്കുവാൻ ഞാനും താമസിയാതെ പുറപ്പെടും—!

ജോയി:– കൊള്ളാം; നാം നമ്മുടെ ഭാവിജീവിതം ഒരുമിച്ചുനയിച്ചാൽ നമുക്കുലഭിക്കുമായിരുന്ന മാനസികാനന്ദം

നാം നിരുപാധികം ഇവിടെ ത്യജിക്കുകയാണല്ലോ ചെയ്യുന്നതു്. നാം ആർക്കുവേണ്ടി ഈ ആത്മബലി അർപ്പിക്കുന്നുവോ, ആ ദിവ്യനാഥൻ ഈ ത്യാഗത്തിനു് നമുക്കു പ്രതിസമ്മാനം നൽകും. ഇന്നുവരെ ലോകത്തിലാരും സ്നേഹിച്ചിട്ടില്ലാത്തവിധം നാം പരസ്പരം സ്നേഹിച്ചു. നമ്മുടെ ഈ നിർമ്മലമായ സഹോദരസ്നേഹം നാം ഇനിയും തുടരും. എന്നാൽ അതു നമ്മുടെ ആദ്ധ്യാത്മികാഭിവൃദ്ധിക്കു് വിഘ്നമാകാത്തിടത്തോളം മാത്രം. (കണ്ണുനീർ അടക്കുന്നു; മേരി സ്നേഹപൂർവ്വം ജോയിയുടെ കണ്ണുനീർ തുടയ്ക്കുന്നു.) മേരീ, നമ്മുടെ കണ്ണുനീർ ഈ കമ്മ്യൂണിസത്തിനെതിരായി പ്രവഹിക്കും. നമ്മെപ്പോലുള്ള അനേകം സഹോദരീസഹോദരന്മാരുടെ കണ്ണുനീർപ്രവാഹത്തിൽ കമ്മ്യൂണിസം ഒഴുകിപ്പോകും, തീർച്ചയാണു്!

മേരി:— (കരയുന്നു.) എൻെറ ഈശോനാഥാ, ഞാനീ വേർപാടെങ്ങനെ സഹിക്കും? (ആലോചിച്ചിട്ടു്) അന്നൊരു ദിവസം വെക്കേഷൻ കഴിഞ്ഞു് ജോയിച്ചാച്ചൻ കോളേജിലേയ്ക്കു് പോയപ്പോൾ ആ ചുരുങ്ങിയ വേർപാടോർത്തു് നാം കരഞ്ഞതു് ജോയിച്ചാച്ചൻ ഓർക്കുന്നുണ്ടോ? എന്നാൽ ഇന്നു് (കരയുന്നു) എന്നെ വിളിക്കുന്ന ആത്മനാഥാ, ഇതു് സഹിക്കാനുള്ള മനശ്ശക്തി എനിക്കു തരണമെ.

ജോയി:— (മേരിയുടെ കണ്ണുനീർതുടച്ചിട്ടു്) എന്നാലിനി ഒരുപക്ഷേ ഭാവിയിൽ നാം എന്നേയ്ക്കുമായി വേർപെടേണ്ടി വരുമ്പോൾ നാമെന്തു ചെയ്യും മേരീ?

മേരി:— അങ്ങനെ സംഭവിച്ചാൽ അന്നു ഞാൻ ദുഃഖം കൊണ്ടു് എൻെറ ജോയിച്ചാച്ചനോടൊത്തു മരിച്ചുപോകും എന്നെനിക്കു തോന്നുകയാണു്....! നമ്മിലൊരാൾ തനിച്ചു് ഈ ക്രൂരമായ ലോകത്തിൽ ജീവിക്കാൻ സാധ്യമാകയില്ല. അതുപോലെതന്നെ ആനന്ദപൂർണ്ണമായ സ്വർഗ്ഗത്തിലും....

ജോയി:- (മേരിയുടെ പുറത്തു് തലോടിക്കൊണ്ടു്) എന്തെങ്കിലുമാകട്ടെ........ എല്ലാം ദൈവസ്നേഹത്തിനു വേണ്ടി നമുക്കു സഹിക്കാം. കമ്മ്യൂണിസം നശിക്കുവാൻ നമുക്കു ത്യാഗപൂർവ്വം നമ്മുടെ ആത്മാർപ്പണം നിർവഹിക്കാം. (വാച്ചുനോക്കുന്നു) മേരീ, സമയമാകുന്നു; നിരന്തരമായി ഒരുമിച്ചു ജീവിക്കുവാൻ താൽക്കാലികമായി നമുക്കുപിരിയാം. ഞാൻ പലപ്പോഴായി പറഞ്ഞുതന്നിട്ടുള്ള കാര്യങ്ങൾ നീ വിസ്മരിക്കരുതു്........ നിന്റെ വലതുകരമിങ്ങു തരൂ.

മേരി:- (കരഞ്ഞുകൊണ്ടു് വലതുകരം നീട്ടുന്നു. ജോയി ആ കരം ചുംബിക്കുന്നു. മേരി ജോയിയുടെ വലതുകരത്തിന്മേൽ കെട്ടിപ്പിടിച്ച് ചുംബിക്കുന്നു.) എന്റെ ജോയിച്ചാച്ചാ........ (കരയുന്നു.)

ജോയി:- (മേരിയുടെ കണ്ണുനീർ തുടച്ചിട്ടു് കയ്യിൽഒന്നുകൂടി ചുംബിച്ചിട്ടു പോകുന്നു.)

മേരി:- (ജോയി പോയവഴി നോക്കിനിൽക്കുന്നു. കണ്ണിൽ നിന്നുമറയുന്നതോടെ മേരി നിലംപതിക്കുന്നു. വീഴുന്ന ശബ്ദംകേട്ടു് പാപ്പു പ്രവേശിക്കുന്നു.)

പാപ്പു:- അയ്യോ ഇതെന്തു പററി? (പാപ്പു വീശുന്നു വെള്ളം മുഖത്തു് തളിച്ചു വീശുന്നു.)

മേരി:- (എണ്ണീററിരിക്കുന്നു.)

പാപ്പു:- എന്തുചെയ്യും മേരിക്കൊച്ചേ! നമ്മളു പറഞ്ഞിട്ടാണോ, അതിന്റെ ബുത്തി അതാ— അച്ചാച്ചനാണേ അകത്തു കെടന്നു കരയുവാ— (ഗൽഗതം)

മേരി:- (പാടുന്നു) (Song no. I or no. II)

## ഗാനം 1

(ജെരേസാംനതോആവോ—എന്ന രീതി)

ഇനിവേർപിരിയാം ചാച്ചാനാമിനി,
സ്വർഗ്ഗജീവിതത്തിലെത്തുവാൻയാത്രയായ്
കൂരിരുൾമൂടിശോകമതായി
ഏകയായ്കണ്ണുനീർതൂകിടുന്നു
സ്നേഹമാം നിൻെറകെട്ടുകളിത്ര
ഭീകരമായിത്തീർന്നല്ലൊ. (ഇനി....)
നടമാടിടട്ടെഎന്നും ഞങ്ങളിൽ
പാവനമായസ്നേഹത്തിൻചലനം (ഇനി....)
ഭാവിയിൽനൽവഴിയേകിടട്ടെ
ദിവ്യനാഥൻതന്നാഗ്രഹംപോലവേ (ഇനി....)
നശ്വരമായലോകംത്യജിപ്പാൻ
നാഥാ,നീകൃപയരുളീടേണമേ (ഇനി....)
നാഥാ,കാത്തിടേണമെൻെറചാച്ചനെ
ലോകതന്ത്രത്തിൽനിന്നുമാറേറണമേ

K. M. A. & S. T.

## ഗാനം 2

(മാരിവില്ലിൻതേൻമലരേ എ. മ.)

സ്നേഹമേറുംമമസോദരാനീവേർപിരികയോ-വേർ
ദീനദീനംനീറുന്നെൻചിത്തം—ശോകാന്തപൂരിതം
ഏഴയിവൾക്കായാശ്വാസഹസ്തംഏകുമാരിനി (സ്നേഹ)
ഒരുഞെട്ടിൽവികസിച്ചപുതുപൂക്കൾപോലെ
തനുവിനുനിഴലെന്നപോലെ (ഒരു....)
മരുവിയനാമിനിപിരിയേണമെന്നോ....?
തിരുഹിതമാകകനാഥൻ (സ്നേഹമേറും....)
ഒരുനാളുംവിരഹമണയാത്തനിത്യ-
ഭവനത്തിലൊരുദിനമെത്താൻ
ഏകണേനൽവരമേശുമഹേശാ-
കാരുണ്യവാരിധിനാഥാ (സ്നേഹ....)

(by Rev. S. P.)

കർട്ടൻ.

## രംഗം 9.

(കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫീസ്. കോലൻകരുവിളയും ഇടിരാമനും ഇരുന്നു സംസാരിക്കുന്നു.)

ഇടി രാ:– എങ്കിലും അവനും അവളും നമ്മളെ ഇത്രയ്ക്ക് അപമാനിച്ചുകളഞ്ഞല്ലൊ! അവൻ നോക്കിക്കോട്ടെ (പല്ലിറുമ്മിക്കൊണ്ട്) അവനൊന്നും ഈ ഇടിരാമൻെറ കൈയ്യുടെ ചൂട് ശരിക്ക മനസ്സിലാക്കിയിട്ടില്ല.

കോ: കരു:– അവൻ അച്ചനാകാൻ പോയ വിവരം അറിഞ്ഞില്ലേ? മേരി കന്യാസ്ത്രീയാകണം തീരുമാനിച്ചു കളഞ്ഞു. അവൾ പോയോ എന്നറിഞ്ഞില്ല. (ഹാസ്യഭാവത്തിൽ) കമ്മ്യൂണിസത്തെ തുലയ്ക്കാനാണെന്നും പറഞ്ഞാ അവൻ പോയിരിക്കുന്നത്. അവനിങ്ങു വന്നോട്ടെ ...!

ഇ. രാ:– (അത്ഭുതം കലന്ന ഹാസ്യത്തിൽ) ഹാ, ഹാ! അവൻ പൊയ്ക്കളഞ്ഞോ? ഞാൻ അറിഞ്ഞില്ലല്ലൊ? എടാ അവനൊരു പുള്ളിയാണല്ലൊ. എത്ര നല്ല ഭാവിയാണവൻ വലിച്ചെറിഞ്ഞത്? അവൻ M. B. B. S. പരീക്ഷപാസ്സായി കാശിന്റെ വഴിയായി, പിന്നെ നല്ലൊരു കല്യാണവും കഴിക്കാമായിരുന്നല്ലൊ അവനു? അങ്ങനെ സുഖമായി ജീവിക്കാമായിരുന്നല്ലൊ—

കോ. ക:– എല്ലാമവൻ കളഞ്ഞുകുളിച്ചു.—

ഇ: രാ:– ആ....! ശരിയാണല്ലൊ— ഏതായാലും ആ ജോയി മഹാത്യാഗി തന്നെ; എന്ത് ആദർശമാണ്, അവനെ ഈ ത്യാഗത്തിനു പ്രേരിപ്പിച്ചത്? അതും ഇക്കാലത്ത് കമ്മ്യൂണിസ്റ്റ് ഭരണത്തിൽ ഇത്ര നല്ല ജീവിതം ഉപേക്ഷിച്ചിട്ട് വിഷമം പിടിച്ച ഭാവി അവൻ തിരഞ്ഞെടുക്കാൻ.... (ചിന്താപൂർവ്വം ഇരിക്കുന്നു.)

കോ: ക:– നിങ്ങളും മനസ്സുതിരിയാൻ പോകയാണോ? (ഹാസ്യപൂർവ്വം)

ഇ: രാ:– ഹേ! അതില്ല: എന്നാൽപിന്നെ ഇടിരാമന ല്ലല്ലൊ (ആത്മഗതം) എങ്കിലും അവരിരുവരും മഹാത്മാക്കൾ തന്നെ; സംശയമില്ല. കൃസ്ത്യാനികളിലല്ലാതെ ഇത്തരം ത്യാഗം കാണുക സാദ്ധ്യമല്ല. (പ്രകാശം) ഹേ, സഖാവേ, എനിക്കു ഇന്നു നല്ല സുഖമില്ല; ഞാൻ പോകട്ടെ. സഖാവു് ഈ റിക്കാർട്ടുകളെല്ലാം ഒന്നു പകത്തിയെഴുതണം കേട്ടോ. (റിക്കാർട്ടുകൾ തരംതിരിച്ചു് വേണ്ട നിർദ്ദേശം കൊടുത്തിട്ടു് ഇടിരാമൻ പോകുന്നു.)

കോ. കു:– (എഴുതുന്നതിനിടക്കു് ആത്മഗതം) അവരെ ഞാൻ വെറുതെ വിടുകയില്ല, (എന്തോ നിശ്ചയിച്ചുറച്ചു പോലെ) അവരെ ഞാനൊരു പാഠം പഠിപ്പിക്കും. അല്ലെങ്കിൽ ഈ കുരുവിള ഇരുന്നിട്ടു കാര്യമില്ലല്ലൊ. (തുടന്നു എഴുതുന്നു. പാപ്പുവും ഇടക്കാരൻ വക്കിയും കൂടി സ്റ്റേജിൻെറ മുൻവശത്തുകൂടി തക്കിച്ചുകൊണ്ടു താഴെയുള്ള വഴിയിലൂടെ പോകുന്ന വിധത്തിൽ പ്രവേശിക്കുന്നു.)

പാപ്പു:– (കോപഭാവത്തിൽ) താനെന്നെ ചതിച്ചല്ലോടോ– ചട്ടുകാലിപ്പെണ്ണിനെക്കൊണ്ടെന്നെ കെട്ടിച്ചല്ലൊ. താൻ നോക്കിക്കോ.......! തനിക്കെന്നാ ചോദിച്ചാലും ഒരു തിട്ടം പറച്ചിലുമുണ്ടു്.... തന്നെ ഞാൻ (കൈ ചുരുട്ടുന്നു.)

ഇട: വ:– (കണ്ണടയുടെ ഇടയിലൂടെ നോക്കിക്കൊണ്ടു്) നീയെന്നാടാപാപ്പു ഇപ്പറയണേ? ആപെണ്ണു മിടുക്കത്തിയല്ലേടാ പാപ്പൂ? (നീട്ടിതുപ്പുന്നു.)

പാപ്പു:– എനിക്കിപ്പോ മനുഷേൻെറ വെട്ടത്തിറങ്ങാൻ പാടില്ലെന്നായല്ലോടൊ (ഓഫീസിൻെറ മുമ്പിൽ അവർ എത്തിയപ്പോൾ കുരുവിള ഇവരെ വിളിക്കുന്നു.)

കുരുവിള:– (ഇതുകേട്ടു് ഗൗരവത്തിൽ) ആരെടാ ആ പോണെ? പബ്ളിക്കാറോഡു് നിങ്ങൾക്കു് കുരക്കാനുള്ള സ്ഥലമാണോടാ തെണ്ടികളേ...! (അവർ ഓടാൻ തുടങ്ങുന്നു) ഇവിടെ വരിനെടാ! ഇവിടെ പരഞ്ഞാ പറഞ്ഞതു്. (അവർ ഭയപ്പെട്ടു കയറിച്ചെല്ലുന്നു.) ഹാ അല്ലെങ്കിൽ നിങ്ങളെ

ഒക്കെ ഞാൻ....! എന്തെടാ വലിയവായിൽ കരച്ചുകൊണ്ടു് നടക്കുന്നതു്? ഇവിടേ ചെവികേട്ടിട്ടു് ഇരിക്കാൻ പാടില്ല ല്ലോടാ വരത്തകളേ?

പാപ്പു:- ഈ വക്കിച്ചേട്ടനെന്നെ ചതിച്ചു. (വർക്കിച്ചേട്ടൻെറ നേരെയും കുരുവിളയുടെ നേരെയും മാറിമാറി നോക്കുന്നു,)

കുരു:- (വക്കിയോടു്) എന്തെടോ കിളവാ; താൻ ചെയ്തേ?

വക്കി:- ഞാനൊന്നും ചെയ്തില്ലേ! ഞാൻപറഞ്ഞാതിട്ടമാ

കുരു:- എന്തെടാ പാപ്പം, പറയെടാ, കണ്ണുമിഴിക്കാതെ

പാപ്പു:- (വിറച്ചുകൊണ്ടു്) ഇവനെന്നെ ചട്ടകാലിപ്പെണ്ണിനെക്കൊണ്ടു് കെട്ടിച്ചു.

കുരു:- (പുഞ്ചിരിച്ചുകൊണ്ടു) ചട്ടകാലിപ്പെണ്ണു നിന്നെ കെട്ടിയോ? നിൻെറ മുഖത്തു് കണ്ണില്ലായിരുന്നോടാ കിഴങ്ങ?

പാപ്പു:- ഇവനെന്നെ പെണ്ണിനെ കാണിച്ചുതന്നതു് അവൾ വെള്ളം കോരാൻ പോയപ്പോളാന്നു. കുടം എളിക്കവച്ചുകൊണ്ടുപോയപ്പോളാ ഞാൻ കണ്ടതു്; ഇയാൾപറഞ്ഞു കുടം എളിക്കവച്ചു നടക്കുന്നതുകൊണ്ടാണു് മുടന്തുണ്ടെന്നു് തോന്നുന്നതെന്നു്. ഞാനതു വിശ്വസിക്കേം ചെയ്തു, ഇപ്പോ അവൾ ഏന്തി ഏന്തിയാ നടക്കുന്നതു്.

വക്കി:- (ഇടസ്സുകയറി) അങ്ങനെയാണേലും കെട്ടാൻ വന്നപ്പോളിവനു് കാണാൻ പാടില്ലാന്നോന്നാ ഞാൻ ചോദിക്കുന്നതു്. ഇവൻെറ കണ്ണിലെന്നാ വെള്ളിയാന്നോ? ഞാൻ പറഞ്ഞാ തിട്ടമാ.

കുരു:- ശരി; ഞാനൊന്നു നോക്കട്ടെ പെണ്ണിനെ ഇങ്ങോട്ടു കൊണ്ടുവരു. (പാപ്പു പോകുന്നു. കുറെ കഴിഞ്ഞു് മുടന്തുള്ള തൻെറ ഭാര്യയെ കൊണ്ടുവരുന്നു. കുരുവിള ശൃംഗാരച്ചിരിയോടെ) ശരി, പെണ്ണിനു ചട്ടകാലുണ്ടു്. അതുകൊണ്ടു് ഇവൾ ആഫീസിൽ താമസിക്കട്ടെ.

പാപ്പു:- (അല്പം ധൈര്യം അവലംബിച്ചിട്ട്) അതൊക്കെകില്ല, ഞാൻ കെട്ടിയ പെണ്ണാ....! ഞാൻ സമ്മതിക്കുല്ല—

കരു:- ഞാൻ കേസുതീർത്ത് വിവാഹമോചനം അനുവദിക്കാമെടാ...

പാപ്പു:- ഒരിക്കൽ വിവാഹം കഴിച്ചാൽ പിന്നെ അതിനെ ഉപേക്ഷിക്കാൻ പാടില്ല.

കരു:- ആരുപറഞ്ഞെടാ ഇത്തരം മണ്ടത്തരമൊക്കെ?

പാപ്പു:- കത്തോലിക്കർക്ക് അങ്ങനെയാ....

വക്കി:- ഉള്ളതാ, ഉപേക്ഷിക്കാൻ പാടില്ല. ഒരിക്കലും പാടില്ല.

കരു:- പോടാ, പോടാ, നിങ്ങൾക്കെന്തറിയാം? പെണ്ണിന്റെ കൈയിൽ പിടിക്കാൻ തുടങ്ങുന്നു. പാപ്പു തടയുന്നു. വക്കി ഊന്നുവടികൊണ്ടടിക്കാൻ തുടങ്ങുന്നു. കരുവിള പാപ്പുവിന്റെ നേരെ കൈയോങ്ങുന്നു. പാപ്പു കരുവിളയെ അടിക്കുന്നു. വക്കി അവനെ തള്ളുകയും ചെയ്യുന്നു കരുവിള താഴെ വീഴുന്നു. പാപ്പുവും വക്കിയും ഓടിപ്പോകുന്നു.

കർട്ടൻ.

## രംഗം 10.

മഠത്തിലെ സന്ദർശനമുറി. ഒരു മേശ; 2 കസേര. കസേരയിൽ ദീക്ഷ നീട്ടിയ ഒരു വൈദികൻ ഇരിക്കുന്നു. 4 മണി സമയം.

വൈദികൻ:- (ആത്മഗതം) ഇന്നേക്കു് സുമാർ ഒൻപതു വർഷമായി എന്റെ പ്രിയപ്പെട്ട സഹോദരി മേരിയെ കണ്ടിട്ട്. ഇന്നു മേരി റവ: സി: മേരി സെലിൻ ആണ്. എന്നെ ഇന്നു മേരി കണ്ടാൽ അറിയുമോ ആവോ? അഥവാ അറിഞ്ഞില്ലെങ്കിലും അത്ഭുതപ്പെടാനില്ല. എനിക്കു വളരെയധികം മാററങ്ങൾ വന്നിരിക്കും. എന്റെ സ്വരം കേട്ടാൽ മേരി അറിയാതിരിക്കയില്ല, എന്താണിത്ര താമസം ആവോ

അല്ലെങ്കിൽ ഞാനെന്തിനു് അക്ഷമനാകുന്നു.! പരമകാരുണികനായ ദൈവമേ, ശുദ്ധീകരാത്മാക്കൾ എത്ര ആകാംക്ഷയോടെയാണു് തങ്ങളുടെ സ്വർഗ്ഗപ്രവേശം കാത്തിരിക്കുന്നതു്? അതിനേക്കാൾ ആകാംക്ഷ എനിക്കുണ്ടാകരുതു്. (റവ: സി: മേരി. സെലിൻ പ്രവേശിക്കുന്നു. വൈദികൻ എഴുന്നേൽക്കുന്നു. സിസ്റ്റർ അച്ചനു് അഭിവാദനം ചെയ്യുന്നു. അച്ചനും പ്രത്യഭിവാദനം ചെയ്യുന്നു. അതിനുശേഷം ഇരുവരും ഇരിക്കുന്നു.)

സി: സെലിൻ;– (മനസ്സിലാകാത്തതുപോലെ) അങ്ങെവിടെ നിന്നു വരുന്നു? അങ്ങയുടെ പേരെന്താണു്?

വൈദി:– (പുഞ്ചിരിതൂകിയിട്ടു്) ഞാൻ പൂനാ സെമ്മിനാരിയിൽ നിന്നു വരികയാണു്. എന്റെ പേരു് പാദർ ജോർജ്ജ് പന്തലേൽ.

സിസ്റ്റർ:– (ഇടശ്ശുകയറി) ഹാ ഇതെന്റെ ജോയിച്ചാച്ചനല്ലേ? കഷ്ടം ഞാനറിഞ്ഞില്ലല്ലോ (സന്തോഷക്കണ്ണുനീർ തൂകുന്നു. ഫാ. ജോർജിന്റെ കരം ചുംബിക്കുന്നു) ഈ കൃതഘ്നത ജോയിച്ചാച്ചനെന്നോടു് ക്ഷമിക്കണം.

ഫാ: ജോ:– എന്താണു് ക്ഷമിക്കാനിരിക്കുന്നതു് അതൊന്നും സാരമില്ല; പരീക്ഷയിൽ തോററു; അത്രമാത്രം

സി: സെലിൻ:– ഇന്നുവരുന്ന കാര്യം എന്നെ അറിയിച്ചില്ലല്ലോ.

ഫാ: ജോ:– അതുപോകട്ടെ. ഞാനിനി മേരി എന്നോ, സി: സെലിൻ എന്നോ എന്താണു് വിളിക്കേണ്ടതു്?

സി: സെലിൻ:– ജോയിച്ചാച്ചനു് ഇഷ്ടം പോലെ വിളിക്കാം. ഞാൻ എന്തെന്നാ വിളിക്കേണ്ടതു്.

ഫാ. ജോ:– മേരിക്കും ഇഷ്ടംപോലെ വിളിക്കാം.

സി. സെ:– എന്നാൽ ഞാൻ ജോയിച്ചാച്ചാ എന്നുതന്നെ വിളിക്കും.

ഫാദ. ജോ:- അതെല്ലാം പോകട്ടെ; എന്നാലും എന്റെ പരീക്ഷയിൽ മേരി തോററുപോയല്ലൊ.

സി. സെ:- എന്തായിരുന്നു പരീക്ഷ?

ഫാ. ജോ:- ആദ്യം കാണുമ്പോൾ മേരി എന്നെ അറിയുമോ എന്നായിരുന്നു പരീക്ഷ; അതിൽ മേരി പരിച്ഛേദം തോററുപോയി.

സി. സെ:- അതു ക്ഷമിക്കണമെന്നു പറഞ്ഞില്ലെ?— അല്ല പരീക്ഷക്കു തയാറാകാൻ സമയം തന്നില്ലല്ലൊ;

ഫാ. ജോ:- (പുഞ്ചിരിപൂർവ്വം) അതൊരു മിന്നൽ പരീക്ഷയായിരുന്നു. മനസ്സിലായോ? ദയനീയമായും സിസ്റ്റർ തോൽവി അടഞ്ഞു.

സം. സെ:- (പരിഭവഭാവത്തിൽ) താടിയുംമീശയുമായി വന്നാലെങ്ങനെ മനസ്സിലാവാനാ....? അതു പോകട്ടേന്നു പറഞ്ഞില്ലേ? കാപ്പി കുടിച്ചില്ലല്ലോ. നമുക്കൊരല്പം കാപ്പി കുടിക്കാം.?

ഫാ. ജോ:- കാപ്പിയൊന്നും വേണ്ടാ. ഞാൻ സ്ഥലത്തിറങ്ങിയതേ കുറെ സ്നേഹിതന്മാർ എന്നെ കാത്തു നിന്നിരുന്നു. അവർ പത്രത്തിൽ നിന്നറിഞ്ഞു ഞാൻ വരുന്ന ദിവസം. അവർ എനിക്കൊരു Tea Party ഏർപ്പാട്ട ചെയ്തിരുന്നു. അതുകഴിഞ്ഞാണ് ഞാനിങ്ങോട്ട പോന്നത്.... മദറും മററുമാണെന്നു കേട്ടല്ലൊ—

സി. സെ:- അതല്ലേ കാപ്പിവേണോന്നും മററും ധൈര്യപൂർവ്വം ചോദിച്ചത്? വേണമെങ്കിൽ പറയണം. എനിക്ക് നിർബന്ധിക്കുവാനും മററും സാധിക്കയില്ല കേട്ടോ.

ഫാ. ജോ:- എനിക്കിപ്പോളൊന്നും വേണ്ട മേരീ.

സി. സെ:- എന്നാൽ വേണ്ട. ആട്ടെ ജോയിച്ചാച്ചനെ പള്ളീയിൽ നിയമിച്ചോ?

ഫാ, ജോ:– ഞാൻ വരുന്നവഴിയല്ലേ? മെത്രാസനാരമനയിൽ പോയില്ല. ഇന്നുതന്നെ ഞാൻ അവിടെ പോകും ഇന്നു് അവിടെ താമസിക്കും. (അല്പം കഴിഞ്ഞു്) പിന്നെ എന്തെല്ലാമാണു് വിശേഷങ്ങൾ?

സി. സെ:– വിശേഷങ്ങൾ തക്കതായിട്ടൊന്നുമില്ല; എന്നാൽ അല്പമെല്ലാമുണ്ടുതാനും.

ഫാ. ജോ;– എന്തെല്ലാമാണു് കേൾക്കട്ടെ.

സി. സെ:– കമ്മ്യൂ: സർക്കാർ പോയതറിഞ്ഞല്ലോ! പിന്നെ നമ്മുടെ ഇടിരാമനില്ലേ; അവൻ കമ്മ്യൂണിസ്റ്റുപ്രവൎത്തനങ്ങളെല്ലാം ഉപേക്ഷിച്ചിരിക്കുകയാണു്. അവനു് മാനസാന്തരം ഉണ്ടായിരിക്കയാണെന്നു തോന്നുന്നു. അവന്റെ സെൽസെക്രട്ടറി സ്ഥാനമിപ്പോൾ കോലൻകുരുവിളയാണു് വഹിക്കുന്നതു്. നമ്മളിരുവരും വിഷമകരമായ ഈ ജീവിതം സ്വീകരിച്ചതു് ഇടിരാമനു് അത്ഭുതകരമായി തോന്നിയെന്നും. നമ്മുടെ ഈ ത്യാഗത്തെ അവൻ അഭിനന്ദിച്ചെന്നും തദ്വാരാ കത്തോലിക്കാസഭയുടെ ആദർശശുദ്ധിയെയും മററും അവൻ വാനോളം പുകഴ്ത്തിയെന്നും കേട്ടു.

ഫാ. ജോ:– കൊള്ളാം ദൈവം അവനെ പ്രകാശത്തിലേക്കു നയിക്കട്ടെ— പിന്നെ നമ്മുടെ പാപ്പുവിനും മററും സുഖമല്ലേ.

സി. സെ:– സുഖം തന്നെ. ആ! അവനൊരു ദിവസം കമ്മ്യൂ: പാർട്ടി ഓഫീസിന്റെ അടുക്കൽ കൂടി പോയപ്പോൾ കോലൻകുരുവിള അവനെ അവിടെ വിളിച്ചുകയററി വിവാഹമോചനം അനുവദിക്കാമെന്നെല്ലാം പറഞ്ഞു. അതവർ സമ്മതിച്ചില്ല. അങ്ങനെ ഇങ്ങനെ അവർ വഴക്കിലായി. നമ്മോടെല്ലാം കോലൻകുരുവിളക്കു് വലിയ വിരോധമുണ്ടു്.

ഫാ. ജോ:– എന്തുചെയ്യാം. നമുക്കു പ്രാൎത്ഥിക്കാം. ആകട്ടെ നിങ്ങളുടെ ആസ്പത്രിയിൽ എല്ലാവിധ സജ്ജീകരണങ്ങളുമുണ്ടോ?

സി. സെ:- ഉണ്ടു്, ഈ രൂപതയിലെ ഒന്നാംകിടയിലുള്ള ഒരു ആസ്പത്രിയാണിതു്. ജോയിച്ചാച്ചനു പോകാൻ തിടുക്കമില്ലെങ്കിൽ ആശുപത്രി നമുക്കൊന്നു നടന്നു കാണാം.

ഫാ. ജോ:- ശരി, പോകാം. അതിനിടയ്ക്കു് ഒരുകാര്യം എന്നെ പള്ളിയിൽ നിയമിക്കുമ്പോൾ പാപ്പുവിനെ വേലക്കാരനായിട്ടെടുത്താലൊ?

സി. സെ:- ശരി, അവനെത്തന്നേ നിയമിച്ചോ. അവൻ സ്നേഹമുള്ള ഒരു ഭൃത്യനാണു്. എന്നാൽ നമുക്കു് പോകാം. (പോകുന്നു)

കർട്ടൻ.

## രംഗം 11.

(ഫാ: ജോർജ്ജും പാപ്പുവും. വഴി. സമയം രാത്രി കൈയിൽ ഒരു ബാഗുണ്ടു്. നടന്നു ക്ഷീണിച്ചവിധത്തിൽ ബാഗു് താഴെ വച്ചു് വഴിയരികിലിരിക്കുന്നു.)

ഫാ. ജോ:- ഹാ, ഇനി അല്പനേരം ഒന്നിരിക്കട്ടെ! പാപ്പു വളരെ വിഷമിച്ചിരിക്കും അല്ലേ?

പാപ്പു!- (ഇഷ്ടപ്പെടാത്ത മട്ടിൽ) ഇങ്ങനെ ആളുകളെ മനസ്സുതിരിക്കാൻ നടന്നാലു് എന്താ അതിന്റെ അന്തം?

ഫാ. ജോ.- തൊഴിലാളികൾക്കു് രാത്രിയിലല്ലേ ഒന്നിച്ചുകൂടാൻ സമയമുള്ളു. അവർക്കു കാര്യമറിഞ്ഞാൽ കൊള്ളാമെന്നുണ്ടു്. അപ്പോൾ നമ്മൾ അവരെ കമ്മ്യൂണിസത്തിന്റെ പൊള്ളത്തരങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണ്ടേ പാപ്പു.!!

പാപ്പു:- കാര്യമൊക്കെ ശരിയാ; പക്ഷേങ്കിലു് താൻ ചത്തു മീൻപിടിച്ചാൽ തനിക്കുമില്ല ആക്കാനുമില്ല എന്നു പറഞ്ഞതുപോലെയാ. അച്ചൻ ഉച്ചയ്ക്കു് അല്പം ചോറുണ്ടതല്ലേ? ഇപ്പോൾ സമയം മണി 10½ ആയില്ലേ. അതിപ്പിന്നെ പച്ചവെള്ളം കുടിച്ചിട്ടുണ്ടോ? പിന്നെങ്ങനെ ക്ഷീണിക്കാതിരിക്കും?

ഫാ. ജോ:- ദൈവം ശക്തി തരും പാപ്പു. ആദ്യം നാം ദൈവേഷ്ടം നിറവേററണം. അപ്പോൾ നമ്മുടെ മററുകാര്യങ്ങൾ അവിടുന്നു നോക്കിക്കൊള്ളും.

പാപ്പു:- ഇങ്ങനെയാണെങ്കിൽ ദൈവേഷ്ടം എന്നെ നോക്കാനൊക്കുമെന്നു തോന്നുന്നില്ല.

ഫാ. ജോ:- എന്നാലതും ദൈവനിശ്ചയമാണെന്നു കരുതണം— (കുറെകഴിഞ്ഞു്) അല്ല കാര്യം ഗ്രഹിച്ചപ്പോൾ— കമ്മ്യൂണിസ്റ്റുകാരുടെ പൊള്ളത്തരവും വഞ്ചനയും ശരിക്കു മനസ്സിലാക്കിയപ്പോൾ— ആ പാവപ്പെട്ട തൊഴിലാളിയുടെ ഭാവം നീ കണ്ടോ? ഇത്ര ആത്മാർത്ഥതയുള്ള സാധു തൊഴിലാളികളെ കമ്മ്യൂണിസ്റ്റുകാർ എത്രമാത്രം വഞ്ചിക്കുന്നുണ്ടു്? അവരെ കാര്യം മനസ്സിലാക്കിക്കൊടുത്തു് ദൈവത്തിങ്കലേയ്ക്കു് തിരിച്ചുകൊണ്ടുവരേണ്ടതു് നമ്മുടെ കടമയല്ലേ പാപ്പു. അതു നാം ചെയ്യില്ലെങ്കിൽ പിന്നെ ആരാണു ചെയ്യുന്നതു്? അവർക്കു കൂടി വേണ്ടിയല്ലേ ഈശോ ഗാഗുൽത്തായിൽ മരിച്ചതു്?

പാപ്പു:- (കാര്യം ഗ്രഹിച്ചെങ്കിലും സംശയഭാവത്തിൽ) നമ്മുടെകാര്യം കഴിഞ്ഞിട്ടല്ലേ മററുള്ളവരെ നേടേണ്ടതു്— അല്ലെങ്കിൽ നമുക്കു് അതിന്റെ ഫലം കാണാനൊക്കുമോ?

ഫാ. ജോ:- ഫലമെല്ലാം ദൈവം തരും. നാം ദൈവത്തിനുവേണ്ടി അദ്ധ്വാനിക്കുക. അതുമതി നമുക്കു്.

പാപ്പു:- ആ ഇടിരാമനും മററും പഠിക്കാനാ വന്നിരിക്കണതെന്നാണോ അച്ചൻ വിചാരിക്കണതു്?

ഫാ. ജോ:- അവരെല്ലാം കാര്യം ഗ്രഹിച്ചാൽ മനസ്സു തിരിയും.

പാപ്പു:- എനിക്കത്ര വിശ്വാസം വരുന്നില്ല. എന്തെങ്കിലുമാട്ടെ— നമുക്കു പോകാം— ഇനി എപ്പഴാ അവിടെ എത്തുന്നതു്. രണ്ടുമൂന്നുമൈൽ കൂടി നടക്കണല്ലോ. ചെന്നിട്ടു വേണം അരിവെയ്ക്കാൻ—സമയമെന്തായി പോലും—

ഫാ. ജോ:- സമയം മണി 11½ യായി. ഇനി പള്ളി

യിൽ ചെല്ലുമ്പോഴേയ്ക്കും മണി 12½ കഴിയും: പിന്നെ അരി വച്ച് അത്താഴം കഴിക്കുമ്പോഴേക്കും മണി 2–3 ആകുമല്ലോ അതുകൊണ്ട് നമുക്കിവിടെ ഈ കല്ലിന്റെ പുറത്തെങ്ങാനും കിടന്ന് ഒന്നുറങ്ങിയിട്ട് വെളുപ്പിനു പോകാം. പാപ്പു എന്തുപറയുന്നു.?

പാപ്പു:– അല്ലെങ്കിലും അതു നല്ല പ്ലാനാണ്: പക്ഷേ അച്ചൻ വിശന്നു വളരെ ക്ഷീണിച്ചില്ലേ?

ഫാ: ജോ:– അതുകൊണ്ടാണ് ഇവിടെ കിടക്കാമെന്നു പറഞ്ഞത് (അല്പം പ്രാർത്ഥിച്ചശേഷം ബാഗും തലയ്ക്കുവച്ചു കിടക്കുന്നു)

പാപ്പു:– (ആത്മഗതം) കഷ്ടം; എത്ര സുഖമായി കഴിയേണ്ട ആളാ? ദാ! ഇപ്പോൾ തല ചായ്ക്കാൻ സ്ഥലമില്ലാത്തതുപോലെ വഴിയരികിൽ കിടക്കുന്നു.!! ഹൊ എന്തൊരു കഷ്ടപ്പെട്ട ജീവിതം! ഇതൊരു വലിയ പുണ്യാളച്ചൻ തന്നെ സംശയമില്ല!!

കർട്ടൻ.

## രംഗം 12.

(കോലൻ കരുവിള പാർട്ടിഓഫീസിൽ ഇരുന്ന് എന്തോ ഗൗരവമായി, റിക്കാർഡുകൾ പരിശോധിച്ചെഴുതുന്നു. സമയം രാവിലെ പത്തു മണി)

കോ ക:– (ആത്മഗതം) കുറെദിവസങ്ങളായി സഖാവ് ഇടിരാമനിൽ ചില മാററങ്ങളെല്ലാം കാണുന്നുണ്ട്. അയാൾ ആ കത്തനാരുടെ വലയിലെങ്ങാനും ചെന്നുവീണോഎന്തോ? പണ്ടുതന്നെ ആ കത്തനാരെപ്പററി വലിയ മതിപ്പാണ് അയാൾക്കുണ്ടായിരുന്നത്. (എഴുത്തു തുടരുന്നു. അല്പം കഴിയുമ്പോൾ സ. ഇടിരാമൻ പ്രവേശിക്കുന്നു. സാധാരണവേഷം)

സ. ഇടി:– (ഹാസ്യഭാവത്തിൽ) എന്താ കരുവിളേ ഈ എഴുതിക്കൊണ്ടിരിക്കുന്നത്?

കോ കു:- (ഭാവഭേദം മനസ്സിലാക്കി, വശീകരിക്കാൻ എന്നമട്ടിൽ) ഇരിക്കണം സഖാവേ, ഇരിക്കണം— വളരെ കാലമായല്ലൊ കണ്ടിട്ടു്—

ഇ. രാ:- (ഗൗരവത്തിൽ) എന്നെ ഇനിമേൽ സഖാവെന്നുവിളിക്കരുതു്— ഞാൻ ഇനിമേൽ സഖാവല്ല. നിങ്ങളുടെ പൂച്ചുകളെല്ലാം എനിക്കു മനസ്സിലായി.

കോ. കു:- (സ്നേഹഭാവത്തിൽ) ഹാ ഇരിക്കണം ഹേ! നമുക്കു് ഇരുന്നു് സാവധാനം സംസാരിക്കാമല്ലൊ.

ഇ രാ:- (ഗൗരവം വിടാതെ) എനിക്കതിനു സമയമില്ല. ഞാൻ കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ നിന്നും മാറുവാൻ ആഗ്രഹിക്കുന്നു.

കോ. കു.- (ആത്മഗതം) എടാ, ഇവൻ കത്തനാരുടെ വലയിൽ വീണിരിക്കുന്നു. ഞാൻ ചിന്തിച്ചതു പരമാർത്ഥം (പ്രകാശം) അതിനെന്താ, മാറാമല്ലൊ! പക്ഷേ അതിനു താങ്കളെ പ്രേരിപ്പിച്ച കാരണങ്ങൾ കേൾക്കട്ടെ.

ഇ. രാ:- എന്തിനധികം? കമ്മ്യൂണിസ്റ്റ്കാരുടെവഞ്ചന നിറഞ്ഞ പ്രവൃത്തികൾ എന്നെ ഇരുത്തിച്ചിന്തിപ്പിച്ചു. പാവങ്ങളുടേതെന്നും പറഞ്ഞിരുന്ന ഗവർമ്മെൻറു് എന്താണു് പാവങ്ങൾക്കുവേണ്ടി ചെയ്തതു്? അതെല്ലാം നമുക്കറിയാവുന്ന സംഗതിയാണല്ലൊ. സാധുക്കൾക്കു് ഉപകാരം ചെയ്യാമെന്നു് പറഞ്ഞിട്ടു് ഉപദ്രവം ചെയ്യുന്ന, കൊടിയ ചതിവു് കമ്മ്യൂണിസ്റ്റിതരക്കും കമ്മ്യൂണിസ്റ്റ്കാർക്കു പോലും മനസ്സിലായിത്തുടങ്ങി. ഞാൻ ആത്മാർത്ഥമായി പ്രതീക്ഷിച്ചിരുന്ന സാധുജനസേവനം കമ്മ്യൂണിസത്തിലില്ല— അതാണു് എൻെറ ഈ തീരുമാനത്തിനു കാരണം.

കോ. കു:- (ശാന്തസ്വരത്തിൽ എന്നാൽ മനസ്സിൽതട്ടി) പക്ഷേ, സൂക്ഷിച്ചുവേണം പാർട്ടിയിൽനിന്നു് മാറാനുംമററും.

ഇ. രാ:- സൂക്ഷിക്കണമെന്നെനിക്കറിയാം. എടാ, ഞാനും ഇങ്ങനെയെല്ലാം പലരേയും ഭീഷണിപ്പെടുത്തിയിട്ടുണ്ടു്—

ഈ ഓലപ്പാമ്പിനെയൊന്നും ഞാൻ ഭയപ്പെടാൻ പോകുന്നില്ല.

കോ. കു:- (ഗൗരവത്തിൽ) എന്തു പറഞ്ഞെടാ നീ; ഓലപ്പാമ്പോ; അതു വേണമെങ്കിൽ കാണിച്ചു തരാമെടാ. ഞാനറിഞ്ഞു നിൻെറ നിശാപാഠങ്ങളും പ്രവർത്തനങ്ങളും കൂട്ടുകെട്ടുമെല്ലാം, നിൻെറ കത്തനാരും, നീയും ഇതിൻെറ യെല്ലാം സ്വാദറിയും.

ഇ. രാ:- അതെല്ലാം അറിഞ്ഞോണ്ടുതന്നെയാ; പോടാ, പോടാ, കളിക്കേണ്ടടാ—

കോ. കു:- കളിച്ചാൽ നീയെന്തു ചെയ്യും? അല്ലെങ്കിൽ ഇവന്മാരെ വിടാൻ പാടില്ല— വിട്ടാൽ രഹസ്യമെല്ലാം പുറത്താകും. ഇപ്പോൾതന്നെ നോക്കിക്കളയാം. (കൈയും ചുരുട്ടി അടുക്കുന്നു. കോലൻ, രാമൻെറ മററത്തട്ടിനു് അറിയാതെ സ്വല്പം പിറകോട്ടു് വേച്ചുപോയി) നീ നോക്കിക്കോടാ! (ഇ. രാമൻ പോയി.)

കർട്ടൻ.

## രംഗം 13.

(ഫാ. ജോർജ്ജ് തൻെറ മുറിയിൽ കുരിശുരൂപത്തിൻെറ മുമ്പിൽ മുട്ടുകുത്തിനിന്നു പ്രാർത്ഥിക്കുന്നു. സമയം രാത്രി 8 മണി)

ഫാ ജോ:- നാഥാ! എൻെറ ജീവിതം ഞാൻ അങ്ങേക്കു് അർപ്പിച്ചുവല്ലൊ. എൻെറ പരിമിതമായ കഴിവുകൾ ഞാൻ അങ്ങയുടെ സ്നേഹഹൃദയത്തിൻെറ മുമ്പിൽ കാണിക്ക വയ്ക്കുന്നു. പാപികളുടെ ഹൃദയത്തെ ഇളക്കുവാനുള്ള വരപ്രസാദം എനിക്കു തരണമേ. നാഥാ! ഇന്നു നാട്ടുമുഴുവൻ പടർന്നു പിടിച്ച കമ്മ്യൂണിസത്തിൻെറ വിപത്തിൽ നിന്നും അങ്ങേ ഇഷ്ടജനത്തെ രക്ഷിക്കണമെ. അതിനുവേണ്ടി ഞാൻ വൈദീകനായ അന്നുമുതൽ ഇന്നുവരെ— സുദീർഘമായ ഈ മൂന്നുനാലുവർഷങ്ങൾ ഞാൻ ഈ ഇടവകയിൽ വിഫലയത്നം ചെയ്തുവരുന്നുവല്ലൊ. അല്ലെങ്കിൽ ഞാൻ എന്തിനു

ഫലത്തേപ്പററി പരാതി പറയുന്നു. കത്താവെ അവിട്ടത്തെ തിരുവിഷ്ടം പോലെ.......

(വാതിലിൽ മുട്ടുന്നശബ്ദം കേൾക്കുന്നു.) അകത്തുവരാം (ഫാ. ജോ: എഴുന്നേററു് കസേരയിൽ ഇരിക്കുന്നു. ഇടി രാമൻ പ്രവേശിക്കുന്നു.)

ഫാ. ജോ:- ഹലോ മി: രാമൻ, സ്വാഗതം, (കസേര ചൂണ്ടിക്കാണിച്ചുകൊണ്ടു്) ഇരിക്കണം മി: രാമൻ!!

ഇ. രാ:- (വിനീതഭാവത്തിൽ ഇരിക്കാൻ മടിച്ചിട്ടു്) ഞാനിവിടെ നിന്നുകൊള്ളാം. മഹാ ത്യാഗിയായ അങ്ങയുടെ സമക്ഷം ഇരിക്കുവാൻ ഞാൻ യോഗ്യനല്ല.

ഫാ. ജോ:- അതു സാരമില്ല; ഇരിക്കണം മിസ്റ്റർ.

ഇ. രാ:- ഞാൻ ഈ അസമയത്തു് വന്നതു് ക്ഷമിക്കണം; അങ്ങയോടെനിക്കു് ചിലതെല്ലാം ആലോചന ചോദിക്കാനുണ്ടു്.

ഫാ. ജോ:- ഓ, അതിനെന്താ വിരോധം; പറയാമല്ലൊ, എന്തും തുറന്നു പറഞ്ഞുകൊള്ളുക. നാം തമ്മിൽ ഇത്രവലിയ ഉപചാരമൊന്നും ആവശ്യമില്ലല്ലോ.

ഇ. രാ:- വാസ്തവം പറഞ്ഞാൽ ആരംഭത്തിൽ ഞാൻ അങ്ങയെ തെററിദ്ധരിച്ചുപോയി. എന്നാൽ പിന്നീടുള്ള അങ്ങയുടെ പ്രവൃത്തി എൻെറ തെററിദ്ധാരണയെ മാററിയെന്നു മാത്രമല്ല എനിക്കു് അലൗകികമായ ഒരു പ്രകാശം തെളിച്ചുതരികയും ചെയ്തു.

ഫാ. ജോ:- എന്തു്? എല്ലാംതെളിച്ചുപറയൂ സ്നേഹിതാ?

ഇ. രാ:- അങ്ങു വാസ്തവത്തിലൊരു മഹാൻ തന്നെ. അങ്ങയെ എത്ര പ്രശംസിച്ചാലും മതിയാകയില്ല.

ഫാ. ജോ:- ഞാനീ പ്രശംസക്കൊന്നും അർഹനല്ല.

ഇ. രാ:- അങ്ങയുടെ ആത്മത്യാഗം, എളിമ, ഇവയുടെ മുമ്പിൽ, കമ്മ്യൂണിസത്തിലും സ്വാതന്ത്ര്യത്തിലും മുഴുകി

യിരുന്ന ഈ ഞാൻ നമോവാകം അർപ്പിക്കുന്നു. മനുഷ്യത്വമുള്ള എല്ലാവരും ഇതു ചെയ്യേണ്ടതാണു്. അങ്ങയേപ്പോലുള്ള ഒരു ഉന്നത ബിരുദധാരി— ഭാവിയിൽ ധനവും സ്വാധീനവും സമ്പാദിക്കുവാൻ സർവ്വസാദ്ധ്യതകളുമുള്ള ഒരു മഹാത്മാവു്— കമ്മ്യൂ: കാലത്തു് ക്ലേശഭൂയിഷ്ഠവും, മാനുഷികമായ യാതൊരു ആശ്വാസവും ലഭിക്കുവാൻ സാദ്ധ്യമല്ലാത്തതുമായ ഈ വൈദികജീവിതം ആശ്ലേഷിച്ച അങ്ങയുടെ ധീരത്യാഗത്തിന്റെ മുമ്പിൽ എന്റെ ജീവിതം ഞാൻ ഉഴിഞ്ഞുവയ്ക്കുവാനാഗ്രഹിക്കുന്നു. അങ്ങു് ദയവായി അതിനെ സ്വീകരിച്ചു് എന്നെ അനുഗ്രഹിച്ചാലും! അങ്ങയെ നയിക്കുന്ന ആ ആദർശം തന്നെ എന്നെയും നയിക്കട്ടെ. അങ്ങയെപ്പോലുള്ള ആദർശശുദ്ധന്മാരെ ഉൾക്കൊള്ളുന്ന കത്തോലിക്കാതിരുസഭ എനിക്കും പ്രകാശം നൽകട്ടെ. ഞാനും ആ വത്സലമാതാവിന്റെ മടിലാളനയിൽ മുക്തി പ്രാപിക്കട്ടെ.

ഫാ. ജോ:— മി. രാമന്റെ ആത്മാർത്ഥതയ്ക്കു് എന്റെ വിനീതനമസ്കാരം! അതോടൊപ്പം നിങ്ങളുടെ ഈ സദുദ്ദേശം സാധിക്കുന്നതിനു് എന്റെ എല്ലാവിധ സഹകരണങ്ങളും ഞാൻ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

ഇ. രാ:— അങ്ങയുടെ മഹാമനസ്കതയ്ക്കു് എന്റെ നന്ദി. ഇനി ഞാനെന്തെല്ലാമാണു് ചെയ്യേണ്ടതു്? (ഇവരുടെ സംഭാഷണം കോലൻ കുരുവിള ഒളിച്ചുനിന്നു കേൾക്കുന്നു.)

ഫാ. ജോ:— അതിനു് അധികമൊന്നും ചെയ്യാനില്ല. നിങ്ങൾ കമ്മ്യൂ: പാർട്ടിയുമായുള്ള എല്ലാ ബന്ധങ്ങളും ഉപേക്ഷിച്ചിരിക്കുന്നതായി ഒരു പ്രസ്താവന പുറപ്പെടുവിക്കുകയും പാർട്ടിയിൽ നിന്നു രാജിവയ്ക്കുകയും ചെയ്യണം. അതിനുശേഷം നിങ്ങൾ കത്തോലിക്കാസഭയുടെ തത്വങ്ങൾ പഠിക്കുകയും വിശ്വസിച്ചു് ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്യണം.

ഇ. രാ:– ഞാനെന്തും, അങ്ങ് ആജ്ഞാപിക്കുന്നതു പോലെ ചെയ്യാൻ തയ്യാറാണ്. എന്തു പ്രായശ്ചിത്തവും ഞാൻ ചെയ്തുകൊള്ളാം. ഈ സൗഭാഗ്യത്തിനു വേണ്ടി ഞാനെത്ര വർഷമായി, സത്യാന്വേഷണം ആരംഭിച്ചിട്ടെന്ന് അങ്ങ് അറിയുന്നുണ്ടോ? അങ്ങ് എല്ലാം ഉപേക്ഷിച്ച് വൈദികനാകാൻ തീരുമാനിച്ച വിവരം ഞാനറിഞ്ഞതു് കോലൻ കരുവിളയിൽ നിന്നാണ്. അന്നുമുതൽ എൻെറ ബുദ്ധിക്ക് പ്രകാശവും മനസ്സിനു് നിർമ്മലതയും ലഭിക്കുവാൻ തുടങ്ങി.

ഫാ. ജോ:– എല്ലാം ദൈവാനുഗ്രഹത്തിൻെറ നിഗൂഢ പ്രവർത്തനങ്ങളെന്നല്ലാതെ എന്തു പറയട്ടെ. നമുക്ക് ദൈവത്തിനു് പ്രത്യേകം നന്ദി പറയാം.

(ഒളിച്ചിരിക്കുന്ന കോലൻ കരുവിള ആത്മഗതം)

കോ. ക:– എടാ, കള്ളക്കത്തനാരേ, നിയക്കിതാണല്ലെ; പണി; നമ്മുടെ പാർട്ടിക്കാരെ മാനസാന്തരപ്പെടുത്തുക യിൻെറ പ്രവർത്തനങ്ങൾ ഞാൻ സൂക്ഷിക്കാൻ തുടങ്ങിയിട്ട് കുറച്ചായി. ഇപ്പണി തുടരാൻ നിന്നെ അനുവദിച്ചാൽ നമ്മുടെ പാർട്ടി നാസ്തിയാകും. ഉറപ്പനെ കാച്ചുക തന്നെ. രണ്ടിനേയും തട്ടണ്ടതാ;

ഇ. രാ:– എന്നാൽ ഞാനിറങ്ങട്ടെ; പ്രസ്താവന ഞാനെഴുതിക്കൊണ്ടുവന്നു് അങ്ങയെ കാണിക്കാം. അതു് പ്രസിദ്ധം ചെയ്തിട്ടു് നമുക്ക് പഠനം ആരംഭിക്കാം.

ഫാ. ജോ:– കൊള്ളാം: അങ്ങനെ തന്നെയാവട്ടെ.

ഇ. രാ:– എന്നാൽ തൽക്കാലം ഞാൻ പോകട്ടെ; അങ്ങു ചെയ്തുതരുന്ന എല്ലാ ഉപകാരങ്ങൾക്കും നന്ദി. (അഭിവാദനം ചെയ്തുപോകുന്നു.)

ഫാ. ജോ:– (കുരിശുരൂപത്തിൻെറ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു.) യേശുനാഥാ! അങ്ങെനിക്കു നൽകുന്ന അനുഗ്രഹങ്ങൾക്കു് എന്തു പ്രതിനന്ദി ഞാൻ പ്രദർശിപ്പിക്കും.

എൻെറ ആത്മനാഥാ! അങ്ങെൻെറ മേൽ ചൊരിഞ്ഞിട്ടുള്ള വലപ്രസാദങ്ങളുടെ കാര്യം ഓക്കമ്പോൾ എൻെറ ഹൃദയം തുടിക്കുകയാണ്. (ധ്യാനനിമഗ്നനാകുന്നു. മറുവശത്തുകൂടി വേരക്കാരൻ പാപ്പു പ്രവേശിക്കുന്നു. അഞ്ജലീബദ്ധനായി പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന ഫാ. ജോർജിനെക്കണ്ടു് പിറകോട്ടു മാറി ആത്മഗതം.)

പാപ്പു:- (ആത്മഗതം) എപ്പോഴും നൊമ്പ്കാരവും പ്രാത്ഥനയും മാത്രം. തീററയും കുടിയും— അക്കാര്യത്തി ലൊരു നോട്ടവുമില്ല. ഇപ്പോ, ദാ എല്ലും കോലുമായി. ആ മേരിക്കന്യാസ്ത്രീയെങ്ങാനും കണ്ടാൽ എന്നെ വഴക്കു പറഞ്ഞുകൊല്ലും; കാര്യം ശരിയല്ലേ. ഞാനൊന്നും നേരത്തു കാലത്തു് ഒണ്ടാക്കിക്കൊടുക്കാഞ്ഞിട്ടെന്നല്ലേ കണ്ടാൽ തോ-ന്നേവാളള്ളു? ഞാനെന്നാ ചെയ്യാനാ? തേ മുട്ടിമ്മേൽ നിക്കണു: ഈ നിപ്പുതന്നെ എപ്പഴും. എങ്ങനെ ചെന്നുവിളിക്കും. അത്താഴമുണ്ണാൻ സമയം കഴിഞ്ഞു; എങ്ങനെ വിളിക്കാതി രിക്കും ...? (വിളിക്കാൻ അടുത്തു ചെല്ലുന്നു. പക്ഷേ വിളി ക്കാതെ പിന്തിരിഞ്ഞിട്ടു്) അല്ലെങ്കിൽ വേണ്ടാ; പിന്നെ യാവട്ടെ. (പോകുന്നു. ഒളിച്ചിരിക്കുന്ന കോ. കുരുവിള ഒളി ച്ചുരംഗത്തേയ്ക്കു നോക്കുന്നു.)

കോ. കു:- (ആത്മഗതം) ഇതുതന്നെ തരം. ഇപ്പോൾ തന്നെ തട്ടണം; നിൻെറ പ്രാർത്ഥന. (കഠാരി ഉയർത്തി പ്പിടിച്ചുകൊണ്ടു വരുന്നു; ഫാം ജോർജിൻെറ പിറകിൽ നിന്നും പുറത്തു ആഞ്ഞുകുത്തുന്നു. ഫാ. ജോർജ് പുറകോട്ടു വീഴുന്നു.

ഫാ. ജോ:- (ഉച്ചത്തിൽ) എൻെറ ഈശോ

ഒന്നുകൂടി കുത്തിയിട്ടു് കോലൻ കുരുവിള ഓടിപ്പോകുന്നു. പാപ്പുവരുന്നു, ഉച്ചത്തിൽ കരയുന്നു.)

കർട്ടൻ.

(അണിയറയിൽ പാട്ടു്.)

## ഗാനം 3.

(പരിതാപമിതേഹാ ജീവിതമേ! എ. മ.)

പരിതാപകരം ഈ മരണമേ,
നീ കരയൂ മാനസമേ—നീ കര....... (പരിതാപ)
ക്രൂരന്മാർ ചെയ്തീടും തിന്മകളാൽ
ഹാ—കേഴുക മാനസമേ.... നീ കര.... (പരിതാപ)
നാട്ടിൽ നന്മയേകിടുവാൻ—
ചെയ്തോരയങ്ങേകിയിതോ—
ലോകത്തിനാകെ മാതൃകയായി
പോയി മറഞ്ഞോ നീ
നിണം ചിന്തിയതോ നീ ക്രൂശിതനായ്
ഹാ സ്നേഹപ്രതികരണം—
അതിദാരുണ ഘാതകമേ (പരിതാപ)

(By Sr:· Hilda)

## രംഗം 14.

(ഫാ. ജോർജ്ജ് ക്ഷീണിതനായി ആശുപത്രിയിൽ കിടക്കുന്നു. എന്തൊക്കെയോ അവ്യക്തമായി പറയുന്നു. Sr: മേരി അടുത്തുനിന്നു ശുശ്രൂഷിക്കുന്നു. സമയം ഏകദേശം അർദ്ധരാത്രി. പാപ്പു അല്പം മാറിഇരുന്ന് ഉറക്കം തൂങ്ങുന്നു.)

സി. മേരി:— നാഥാ, എന്റെ ജോയിച്ചാച്ചനെ സുഖപ്പെടുത്തേണമേ. അദ്ദേഹത്തെ ഇത്ര കഠിനമായി ഉപദ്രവിച്ച ആ നിഷ്ഠൂരന് മാപ്പു നൽകണമേ. കാരണം അങ്ങയുടെ ഘാതകന്മാർക്ക് വേണ്ടി അങ്ങു പ്രാർത്ഥിച്ചുവല്ലോ. പ്രാണനാഥാ, അവിടത്തേക്കുവേണ്ടിയാണല്ലോ ഈ ജോയിച്ചാച്ചൻ തനിക്കു ഈ ജീവിതത്തിൽ ലഭിക്കുമായിരുന്ന ധനവും പ്രശസ്തിയും മററും മററും ഉപേക്ഷിച്ചത്. അങ്ങേ സഭയ്ക്കുവേണ്ടിയാണല്ലോ അദ്ദേഹം ആത്മാർപ്പണം ചെയ്തതുമെല്ലാം.......!

(ഫാ. ജോർജ് കണ്ണുതുറക്കുന്നു. സി. മേരി അടുത്തു ചെല്ലുന്നു.) ജോയിച്ചാച്ചാ ഇപ്പോൾ എങ്ങനെയിരിക്കുന്നു ജോയിച്ചാച്ചാ, വേദന......?

ഫാ. ജോ:- എനിക്കു വേദന വദ്ധിക്കുന്നതുപോലെ തോന്നുന്നു. (ക്ഷീണസ്വരത്തിൽ) എങ്കിലും സാരമില്ല; എല്ലാം സഹിക്കാം. മേരി എൻെറ കുരിശുരൂപമിങ്ങെടുത്തുതന്നിട്ട് പോയി വിശ്രമിച്ചുകൊള്ളുക (സി. മേരി ഭിത്തിയിൽ തൂക്കിയിരിക്കുന്ന കുരിശുരൂപം എടുത്തുകൊടുക്കുന്നു. അദ്ദേഹം അതു രണ്ടുകൈകൊണ്ടും വാങ്ങി ചുംബിച്ചിട്ട് അതിന്മേൽ തന്നെ നിർന്നിമേഷനായി നോക്കിക്കൊണ്ട്) നാഥാ, അങ്ങേയ്ക്കുവേണ്ടി ഇനിയും സഹിക്കുവാൻ എനിക്കു ശക്തി തരണമേ. (ഈ സമയത്ത് അല്പം മാറി ഉറക്കം തൂങ്ങിയിരുന്ന പാപ്പു പിടച്ചെണീററ് കട്ടിലിൻെറ അടുക്കൽവന്നു നിൽക്കുന്നു.)

പാപ്പു:- (സി. മേരിയോട്) അമ്മ ഇനിയെങ്കിലുമൊന്നു പോയി കിടന്നു വിശ്രമിക്കണം. ഞാൻ അച്ചനെ നോക്കിക്കോളാം!! സമയം പാതിരാത്രി കഴിഞ്ഞല്ലോ. എത്ര ദിവസമായി ഒറക്കമിളക്കാൻ തൊടങ്ങീട്ട്?

സി. മേരി:- സാരമില്ല പാപ്പും; എനിക്ക് ഉറക്കം വരുന്നില്ല. നിത്യമായ വിശ്രമമേ ഇനി ഞാൻ ആഗ്രഹിക്കുന്നുള്ളു. (എന്തോ ആലോചിച്ചിട്ട് കണ്ണുനീർ തൂകുന്നു. ഫാ. ജോർജ് പിന്നെയും കണ്ണു തുറക്കുന്നു.)

ഫാ. ജോ:- (വളരെക്ഷീണിച്ചസ്വരത്തിൽ) ഒപ്രുശ്മാ തന്നപ്പോൾ പൂർണ്ണദണ്ഡവിമോചനം കൂടി എനിക്കു തന്നോ എന്ന് ബഃ കപ്ലോനച്ചനോട് ഒന്നു ചോദിച്ചേ പാപ്പു....

പാപ്പു:- ഞാനുടനേ ചോദിച്ചിട്ടുവരാം. (പോകുന്നു)

ഫാ. ജോ:- (സി. മേരിയോട്) എൻെറ പ്രിയപ്പെട്ട) സഹോദരി അടുത്തുവന്നേ. (സി. മേരി അടുത്തു വരുന്നു,

എനിക്കു ദാഹവും പരവേശവും കൂടിവരുന്നതുപോലെ തോന്നുന്നു. അല്പം വെള്ളം തരാമോ... ...?

സി. മേരി:- (ഓറഞ്ചുനീരു ഫാ. ജോർജിന്റെവായിൽ ഒഴിച്ചു കൊടുക്കുന്നു.) ദാ ഇതാ ഓറഞ്ചുനീര് അല്പം കുടിച്ചോ ജോയിച്ചാച്ചാ! (ഫാദർ കുടിക്കുന്നു.) ജോയിച്ചാച്ചനൊന്നു ചിരിച്ചേ ജോയിച്ചാച്ചാ, ഞാനൊന്നു കാണട്ടെ... പക്ഷേ.......!

ഫാ. ജോ:- (പണിപ്പെട്ട് പുഞ്ചിരിതൂകിയിട്ട്) ഞാൻ മരിച്ചാൽ മേരി ദുഃഖിക്കരുത് കേട്ടോ!.... മേരിയുടെ പ്രിയപ്പെട്ട ജോയിച്ചാച്ചൻ സ്വർഗ്ഗത്തിൽ മേരിയെ പ്രതീക്ഷിച്ചിരിക്കുന്നുണ്ടെന്ന് വിചാരിച്ച് സന്തോഷമായി ജീവിക്കണം..... അവസാനം വരെ ഞാൻ അവിടെ കാത്തുകാത്തിരിക്കാം.

സി. മേരി:- (കരയുന്നു) എന്റെ പൊന്നു ജോയിച്ചാച്ചാ, ഇങ്ങനെ പറയല്ലേ; ഞാൻ സഹിക്കുകയില്ല. ജോയിച്ചാച്ചൻ മരിച്ചാൽ എന്റെ ഹൃദയം വററിഉണങ്ങി നിലച്ചുപോകും... അതു തീർച്ചയാണ്. (പാപ്പ വരുന്നു.)

പാപ്പ:- (കിതച്ചുകൊണ്ട്) ഉപ്പെന്നാ പറഞ്ഞേ?

ഫാ. ജോ:- നാഥാ; ഞാൻ തയ്യാറായിരിക്കുന്നു. എന്നിൽ അങ്ങേ തിരുവിഷ്ടം എന്നെന്നും നിറവേറട്ടെ. എന്റെ ഈശോ എന്റെ ആത്മബലി അങ്ങു സ്വീകരിക്കേണമേ....

സി. മേരി:- ജോയിച്ചാച്ചൻ എന്തിനാണിതൊക്കെ പറയുന്നത്? കേൾക്കാൻ എനിക്ക് ശക്തികൂടി തരണം. അല്ലാതെ... (കരയുന്നു) എന്റെ ഈശോ എന്റെ ജോയിച്ചാച്ചന് സുഖം കൊടുക്കണമേ. എങ്കിലും അങ്ങേ തിരുവിഷ്ടംപോലെ (കരയുന്നു)

ഫാ. ജോ:- (പരവേശം വർദ്ധിച്ച മട്ടിൽ) മേരി കരയരുത്... എനിക്കു മരുന്നു എടുത്തു തരിക.—:

സി. മേരി:- (മരുന്നു കൊടുത്തിട്ട്) എന്റെ ഈശോ,

എൻെറ ജോയിച്ചാച്ചന്നു സുഖം നൽകണമെ. (ഫാ. ജോർജിൻെറ നെററിയിൽ സ്പർശിച്ചുനോക്കുന്നു. ആത്മഗതം) പനി വർദ്ധിച്ചുവരികയാണെന്നു തോന്നുന്നല്ലൊ. ഡോക്ടറെ അറിയിച്ചെങ്കിലോ.......?

ഫാ. ജോ:- (കൂടുതൽ പരവേശത്തോടെ) എൻെറ ഈശോനാഥാ, എൻെറ ആത്മബലി അങ്ങു സ്വീകരിക്കേണമേ....... (കണ്ണുകൾ അല്പം തുറക്കുകയും പിന്നീട്ട് അല്പം കൂടി അടയുകയും ചെയ്യുന്നു. മരിക്കുന്നു.)

സി. മേരി:- (മൃതനായ ഫാ. ജോർജിൻെറ മുഖത്തു് നിർന്നിമേഷമായി അല്പനേരം നോക്കിക്കൊണ്ടിരുന്നിട്ടു്) എൻെറ ജോയിച്ചാച്ചാ.... (വീഴുന്നു)

(അണിയറയിൽ ശോകഗാനം) **No. 1 or II.**

കർട്ടൻ.

## രംഗം 15.

(മഠത്തിൻെറ ദീനമുറി. സമയം അർദ്ധരാത്രി. മങ്ങിയ വെളിച്ചം. രോഗിയായ റവ. സി. സെലിൻ രോഗശയ്യയിൽ)

സി. സെലിൻ:- (ആത്മഗതം) ഹാ എൻെറ ഈശോനാഥാ, എൻെറ ജോയിച്ചാച്ചൻ മരിച്ചിട്ടിന്നു് എട്ടു ദിവസമായിരിക്കുന്നു. എൻെറ ജോയിച്ചാച്ചനിപ്പോഴും സ്വർഗ്ഗത്തിൽ എന്നെ കാത്തിരിക്കുകയാണല്ലൊ. എൻെറ ഈശോ അങ്ങയെ അതിമാത്രം സ്നേഹിച്ച എൻെറ ഏകസോദരനു് അങ്ങു് സ്വർഗ്ഗസമ്മാനം നൽകിയല്ലൊ. സ്വർഗ്ഗസൗഭാഗ്യം എനിക്കും നൽകണമേ. (ക്ഷീണസ്വരത്തിൽ) ഈ ലോകത്തിൽ എൻെറ ഏകാശ്രയമായി എനിക്കുണ്ടായിരുന്ന എൻെറ ജോയിച്ചാച്ചൻ— എൻെറ എല്ലാസന്തോഷത്തിനും

ദു:ഖത്തിനും പങ്കു ചേൻറിരുന്ന എൻെറ ഏകസോദരൻ ഹാ....... എൻെറഈശോ എല്ലാം തിരുവിഷ്ടം. (കണ്ണടയ്ക്കുന്നു) കുറെ കഴിയുമ്പോൾ പിൻകർട്ടൻ ഉയരുന്നു ... ഫാ. ജോർജ്ജ് സ്വർണ്ണക്കിരീടം ധരിച്ചവനായി, പ്രകാശം പാറുന്ന മുഖ ശ്രീയോടെ അഞ്ജലീബദ്ധനായി സ്റ്റേജിൻെറ ഒരുവശത്തു് കോണിൽ പ്രത്യക്ഷപ്പെടുന്നു. സി. മേരി കണ്ണു തുറക്കുമ്പോൾ ഫാ. ജോർജ്ജിനെ കാണുന്നു. "ജോയിച്ചാച്ചാ" എന്നു വിളിക്കുന്നു. ഫാ. ജോർജ്ജ് അപ്രത്യക്ഷനാകുന്നു.

സി. മേരി:– എൻെറ ഈശോ, അങ്ങു് എന്നെ സ്വർഗ്ഗത്തിലേക്കു് സ്വീകരിക്കാൻ എൻെറ ജോയിച്ചാച്ചനെ അയച്ചിരിക്കുന്നുവോ........? ഹാ, എൻെറ ഈശോ എൻെറ ആത്മാവിനെ അങ്ങയുടെ തൃക്കൈകളിൽ ഞാനേല്പിക്കട്ടെ.... (കണ്ണുകൾ സ്വയം അടയുന്നു.)

കർട്ടൻ.

## രംഗം 16.

## ഗാനം 5.

(ജഗദീശലീലകൾ. എ. മ.)

ഇഹലോകമായകളാരറിവൂ
എൻഭാവിജീവിതമീവിധമോ
സുഖംതേടിയതിന്നാലീവിധമായ്
അതുതേടരുതേപ്രിയസോദരരേ (ജഗ)
കമ്മ്യൂണിസമാകും സാത്താനേ
പിൻതുടരല്ലേ സോദരരേ (ജഗ)
കുരിശുൾനിറയുംജീവിതമേ
ഇനിമേൽകൈവന്നിടുമോസൗഭാഗ്യം (ജഗ)

By Sr: Hilda.

(തെരുവീഥി. കോലൻ കുങ്കവിള കുഷ്ഠരോഗിയായി പ്രവേശിക്കുന്നു.)

കോ. കു:- ഹാ, ഞാൻ ജീവിതത്തിൽഏറ്റവുംവലിയ നിർഭാഗ്യവാനാണ്. കമ്മ്യൂണിസ്റ്റ് പിശാച് എന്നെ വഞ്ചിച്ചു; ഹാ ഞാൻ മൂലം രണ്ടു പാവനാത്മാക്കൾ— ഫാ. ജോർജ്ജും, സി: മേരിയും— ഞാനെന്തു വലിയ പാപമാണ് ചെയ്തത്? പാപസമുദ്രത്തിൽ ഞാനിതാ മുങ്ങിമരിക്കുവാൻ പോകുന്നു.— എന്റെ ജീവിതം നശിച്ചു—എന്റെ ആത്മാവ് നരകത്തിനു മാത്രം യോഗ്യമായി— എല്ലാം എന്റെ കറാരിക്കിരയായിത്തീന്ന ആ വിശുദ്ധനായ ഫാ. ജോർജ്ജും, ആ ദുഃഖത്താലുണ്ടായ ജ്വരം മൂലം മൃതിയടഞ്ഞ സി. മേരി സെലിനും.... അവരുടെ മരണത്തിനു ഞാനാണു കാരണം. എന്നോട്ട് അവർ ക്ഷമിക്കാതിരിക്കയില്ല; അവരുടെ ജീവിതം നിരന്തരമായ ഒരു സ്നേഹത്തിന്റെ കഥയായിരുന്നു. പാവനാത്മാക്കളേ, നിങ്ങൾ പാപിയായഎനിക്കു വേണ്ടി പ്രാർത്ഥിക്കേണമേ— നല്ല കള്ളനു പറുദീസാ നൽകിയ എന്റെ നാഥാ, എന്നോടു പൊറുക്കേണമേ— ഞാനിതുവരെ ആരെ പ്രസാദിപ്പിക്കുവാൻ പരിശ്രമിച്ചിരുന്നുവോ ആ ലോകവും അതിന്റെ നീചമക്കളായ സഖാക്കളും ഇപ്പോളെന്നെ അതിക്രൂരമായി ആട്ടി ഓടിക്കുന്നു— ഞാനിന്നു മററുള്ളവക്ക് ഒരു മുന്നറിയിപ്പായി— നിരാധാരനായി— എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടിങ്ങനെ അലയണം, ഹാ എന്റെ കഷ്ടകാലം— എന്റെ പാപങ്ങൾക്കു പൊറുതി തരണമേ. (വഴിയരികിൽ ഇരിക്കുന്നു.)

കർട്ടൻ (End.)

DC Library
*00013141*
T62 P97

ഗ്രന്ഥകർത്താ...

1. ആത്മദാഹം (ചെറുകഥകൾ)

2. ഇപ്പോഴത്തെ മാർപ്പാപ്പാ (അച്ചടിയിൽ)

3. ചുവപ്പിലെ കറുപ്പ് (തയ്യാറായി വരുന്നു)

ആവശ്യപ്പെടേണ്ടും മേൽവിലാസം.

സെബാസ്റ്റ്യൻ പുല്ലോപ്പിള്ളി,
തലയനാട്ട് ഖൂർട്ട്
മുട്ടം P. O.
തൊടുപുഴ.

# ജീവിതം ഒരുല്ലാസകഥയാണ്



...സ്റ്റർ പുല്ലോപ്പിള്ളി.

T62
P97

T62
P97

Indic Digital Archive Foundation
gpura.org